# ഷഡ്ത്രിംശത് കൃതികൾ



ഡോ. ബി. പുഷ്പ കൃഷ്ണൻ

Published by
Brehath Sangeetha Kendram
134, Second Puthen Street,
Manacaud PO, Trivandrum-9

# ഷഡ്ത്രിംശത് കൃതികൾ

ഡോ. ബി. പുഷ്പകൃഷ്ണൻ

പ്രസാധകർ
ബൃഹത് സംഗീതകേന്ദ്രം
134, രണ്ടാം പുത്തൻതെരുവ്
മണക്കാട് പി.ഒ, തിരുവനന്തപുരം-695 009

# SHAD THRIMSATH KRITIS

(Carnatic Music Compositions with Notation)

by

**Dr. B. Pushpa Krishnan**

First Edition: June 2007

*Copy Right:* Brehath Sangeeth Kendram

Price: Rs. 300/-

*Distributors:*
Brehath Sangeeth Kendram
134, IInd Puthen Street,
Manacaud P.O, Thiruvananthapuram-695 009

*Cover Design:* ET MA Khader

*Printed* at Thushara Offset, Tutors Lane,
Statue, Thiruvananthapuram-695 001, Mob: 94472 46645

## ഉള്ളടക്കം


1. അച്ച്യുതദാസർ
   1. പാർപാർ ........ 3
   2. വീണായ് ........ 5
2. അന്നമാചാര്യർ
   1. മങ്കാംബുധി ........ 8
3. ഇരയിമ്മൻ തമ്പി
   1. പാഹിനിഖില ........ 12
4. കെ.എൻ. ഗോപാലപിള്ള
   1. ഗണനായക ........ 16
   2. പാഹിഷഡാനനാ ........ 19
5. കുട്ടികുഞ്ഞുതങ്കച്ചി
   1. കാർത്ത്യായനി ........ 24
6. ഗർഭപുരിവാസർ
   1. കമലാംബന ........ 28
7. ഗോപാലകൃഷ്ണഭാരതി
   1. തിരുവാതിരൈ ........ 33
   2. ശരണാഗതം ........ 36
8. ചെയ്യൂർ ചെങ്കൽവരായശാസ്ത്രി
   1. ലളിതേ ........ 39
9. ജി.എൻ. ബാലസുബ്രഹ്മണ്യം
   1. സരസ്വതി ........ 46
   2. കമലാസനി ........ 49
10. തിരുപ്പതി നാരായണസ്വാമി
    1. പരാകേല ........ 54
11. പട്ടണം സുബ്രഹ്മണ്യയ്യർ
    1. വരമിയ്യ ........ 58
    2. മരിവേറെ ........ 63
12. പല്ലവി ഗോപാലയ്യർ
    1. ശ്രീരമാ ........ 68
    2. നീതു ചരണ ........ 72
13. പുരന്ദരദാസ്
    1. മാനവ ........ 78
    2. യാദവ ........ 81
14. ഭദ്രാചലം രാമദാസ്
    1. ഏമയ്യാ ........ 85
15. മഹാകവി കുട്ടമത്ത്
    1. പാലയമാം ........ 92
16. മാർഗ്ഗദർശി ശേഷയ്യങ്കാർ
    1. സാരസദള ........ 96
    2. രംഗപതേ ........ 99
17. മുത്തയ്യാഭാഗവതർ
    1. ഹിമഗിരി ........ 105
    2. സുധാമയി ........ 108
    3. ജാലം ........ 111
18. മൈസൂർ വാസുദേവാചാര്യ
    1. നിരവഗതി ........ 115
    2. വന്ദേ അനിശം ........ 118
19. രാമനാട് ശ്രീനിവാസയ്യങ്കാർ
    1. ശാമാനിന്നേ ........ 122
20. രുഗ്മിണിഭായ് തമ്പുരാട്ടി
    1. ശ്രീകണ്ഠേശ ........ 129
21. വേദനായകം പിള്ളൈ
    1. അയ്യനേ ........ 134
    2. ചിന്തമുവന്ത് ........ 136
22. സ്വാതിതിരുനാൾ മഹാരാജാവ്
    1. കിന്തുചെയ്‌വൂ ........ 141
    2. പരമപുരുഷ ........ 143
    3. വന്ദേ സദാ ........ 147

1. പാര്‍പാര്‍
2. വീണായ്കാലം
3. മങ്കാംബുധി
4. പാഹിനിഖില
5. ഗണനായക
6. പാഹിഷഡാനന
7. കാര്‍ത്ത്യയനി
8. കമലാംബന
9. ശരണാഗതം
10. തിരവാതിരൈ
11. കമലാസനി
12. സരസ്വതി
13. ലളിതേ
14. പരാകേല
15. മരിവേറെ
16. വരമിയ്യ
17. നീതുചരണ
18. ശ്രീരമാരമണി
19. മാനവജന്മ
20. യാദവനീബ
21. ഏമയ്യരാമ
22. പാലോലും
23. രംഗപതേ
24. സാരസദള
25. ജാലന്ധര
26. ഹിമഗിരി
27. സുധാമയി
28. നീവേഗതി
29. വന്ദേ അനിശം
30. രാമാനിന്നേ
31. ശ്രീകണ്ഠേശ
32. അയ്യനെ
33. ചിത്തമുവന്ത
34. കിന്തുചെയ്‌വൂ
35. പരമപുരുഷ
36. വന്ദേസദാ

# രാഗങ്ങളുടെ സ്വരസ്ഥാനങ്ങൾ

| നമ്പർ | രാഗത്തിന്റെ പേര് | രാഗത്തിന്റെ ഇനം | ആരോഹണം | അവരോഹണം | മേളം*ജന |
|---|---|---|---|---|---|
| 1. | അമൃതവർഷിണി | ഔഡവ-ഔഡവം | സ ഗ$_2$ മ$_2$ പ നി$_2$ സ | സ നി$_2$ പ മ$_2$ ഗ സ | 65 |
| 2. | കല്യാണി* | മേളകർത്താരാഗം | സ രി$_2$ ഗ$_2$ മ$_2$ പ ധ$_2$ നി$_2$ സ | സ നി$_2$ ധ$_2$ പ മ$_2$ ഗ$_2$ രി$_2$ സ | 65 |
| 3. | കമാസ് | വക്രഷാഡവ-സമ്പൂർണ്ണം | സ മ$_1$ ഗ$_2$ മ പ ധ$_2$ നി$_1$ സ | സ നി$_1$ ധ$_2$ പ മ$_1$ ഗ$_2$ രി$_2$ സ | 28 |
| 4. | കാംബോജി | ഷാഡവ-സമ്പൂർണ്ണം | സ രി$_2$ ഗ$_2$ മ$_1$ പ ധ$_2$ സ | സ നി$_1$ ധ$_2$ പ മ$_1$ ഗ$_2$ രി$_2$ സ | 28 |
| 5. | കാനഡ | ഷാഡവ-വക്രഷാഡവം | സ രി$_2$ ഗ$_1$ മ$_1$ ധ$_2$ നി$_1$ സ | സ നി$_1$ പ മ$_1$ പ ഗ$_1$ മ$_1$ രി$_2$ സ | 22 |
| 6. | കാപ്പി | ഔഡവ-വക്രസമ്പൂർണ്ണം | സ രി$_2$ മ$_1$ പ നി$_1$ സ | സ നി$_1$ ധ$_2$ നി$_1$ പ മ$_1$ ഗ$_1$ രി$_2$ സ | 22 |
| 7. | കേദാരം | ഔഡവവക്ര-ഷാഡവം | സ മ$_1$ ഗ$_2$ മ$_1$ പ നി$_2$ സ | സ നി$_2$ പ മ$_1$ ഗ$_2$ രി$_2$ സ | 29 |
| 8. | ഗൗള | ഔഡവ-വക്രഷാഡവം | സ രി$_1$ മ$_1$ പ നി$_2$ സ. | സ നി$_2$ പ മ$_1$ രി$_1$ ഗ$_2$ മ$_1$ രി$_1$ സ | 15 |
| 9. | ധന്യാസി | ഔഡവ-സമ്പൂർണ്ണം | സ ഗ$_1$ മ$_1$ പ നി$_1$ സ | സ നി$_1$ ധ$_1$ പ മ$_1$ ഗ$_1$ രി$_1$ സ | 8 |
| 10. | ധർമ്മവതി* | മേളകർത്താരാഗം | സ രി$_2$ ഗ$_1$ മ$_2$ പ ധ$_2$ നി$_2$ സ | സ നി$_2$ ധ$_2$ പ മ$_2$ ഗ$_1$ രി$_2$ സ | 59 |
| 11. | നാട്ട | സമ്പൂർണ്ണ-വക്രഷാഡവം | സ രി$_3$ ഗ$_2$ മ$_1$ പ ധ$_3$ നി$_2$ സ | സ നി$_2$ പ മ$_1$ ഗ$_2$ മ$_1$ രി$_3$ സ | 36 |
| 12. | നാട്ടക്കുറിഞ്ഞി | ഉഭയവക്രം | സ രി$_2$ ഗ$_2$ മ$_1$ നി$_1$ ധ$_2$ നി$_1$ പ$_2$ ധ$_1$ നി സ | സ നി$_1$ ധ$_2$ മ$_1$ ഗ$_2$ മ$_1$ പ ഗ$_2$ രി$_2$ സ | 28 |
| 13. | നാഥനാമക്രിയ | നിഷാദാന്ത്യരാഗം | നി$_2$ സ രി$_1$ ഗ$_2$ മ$_1$ പ ധ$_1$ നി$_2$ | നി$_2$ ധ$_1$ പ മ$_1$ ഗ$_2$ രി$_1$ സ നി$_2$ | 15 |
| 14. | നവരസ കന്നട | സ്വാ ന്ത ര - ഷാ ഡ വം | സ ഗ$_2$ മ$_1$ പ സ | സ നി$_1$ ധ$_2$ മ$_1$ ഗ$_2$ രി$_2$ സ | 28 |
| 15. | പൂർവ്വികല്യാണി | വക്രഷാഡവ-സമ്പൂർണ്ണം | സ രി$_1$ ഗ$_2$ മ$_2$ പ ധ$_2$ പ സ | സ നി$_2$ ധ$_2$ പ മ$_2$ ഗ$_2$ രി$_1$ സ | 53 |
| 16. | മായാമാളവഗൗള* | മേളകർത്താരാഗം | സ രി$_1$ ഗ$_2$ മ$_1$ പ ധ$_1$ നി$_2$ സ | സ നി$_2$ ധ$_1$ പ മ$_1$ ഗ$_2$ രി$_1$ സ | 15 |

# ആമുഖം

കർണ്ണാടക സംഗീത ലോകത്തിൽ സംഗീത-ശാസ്ത്രങ്ങളെക്കുറിച്ച് അനേകം ലക്ഷണഗ്രന്ഥങ്ങൾ ലഭ്യമാണ്. അതുപോലെ വാഗ്ഗേയകാരൻമാരുടെ ജീവചരിത്രത്തെക്കുറിച്ചും, സംഗീതകൃതികളെ പ്രതിപാദിക്കുന്നതുമായ പുസ്തകങ്ങൾ ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലുണ്ട്. മലയാള ഭാഷയിൽ അവ താരതമ്യേന കുറവാണ്. ഷഡ്ത്യംശത്കൃതികൾ എന്ന ഈ പുസ്തകത്തിൽ വളരെ പ്രസിദ്ധിയാർജ്ജിച്ച 22 വാഗ്ഗേയകാരൻമാരുടെ ജീവചരിത്രവും അവരുടെ സംഗീതകൃതികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവരിൽ സംഗീതപിതാമഹനായ പുരന്ദരദാസർ മുതൽ ജി.എൻ. ബാലസുബ്രഹ്മണ്യം വരെയുള്ള മഹാന്മാർ രചിച്ച അമൂല്യമായ കീർത്തനങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. സ്വാതിതിരുനാൾ മഹാരാജാവിന്റെ ജ്യേഷ്ഠസഹോദരിയായ രുഗ്മിണി ഭായ് തമ്പുരാട്ടി, സ്വാതിതിരുനാൾ മഹാരാജാവ്, ഇരയിമ്മൻ തമ്പി, കുട്ടിക്കുഞ്ഞുതങ്കച്ചി, കെ.എൻ. ഗോപാലകൃഷ്ണപിള്ള തുടങ്ങിയ കേരളത്തിലെ പ്രസിദ്ധ വാഗ്ഗേയകാരൻമാരുടേയും അച്യുതദാസർ, വേദനായകം പിള്ളൈ, ഗോപാലാകൃഷ്ണഭാരതി തുടങ്ങിയ തമിഴ് രചയിതാക്കളുടേയും അന്നമ്മാചാര്യർ, ഭദ്രാചലം രാമദാസ്, ഗർഭപുരിവാസർ തുടങ്ങിയ തെലുങ്കു വാഗ്ഗേയകാരൻമാരുടേയും ആധുനിക കാലത്ത് ജീവിച്ച മുത്തയ്യാ ഭാഗവതർ, മഹാകവി കുട്ടമത്ത്, ജി.എൻ. ബാലസുബ്രഹ്മണ്യം എന്നിവരുടേയും ശ്രേഷ്ഠമായ രചനകൾ ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. സംഗീത കച്ചേരികളിൽ ധാരാളം കേട്ടിട്ടുള്ളതും അല്ലാത്തതുമായ ഏകദേശം 36 കീർത്തനങ്ങൾ വിവിധ രാഗങ്ങളിലും താളങ്ങളിലുമായി സ്വര-സാഹിത്യത്തോടുകൂടിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇപ്പോഴത്തെ തലമുറയിലെ സംഗീതജ്ഞരിൽ ഏറ്റവും മുതിർന്ന സംഗീത വിദുഷിയും ഒരു സംഗീതപ്രതിഭയുമായ എന്റെ ഗുരുനാഥ ശ്രീമതി. പാറശ്ശാല ബി. പൊന്നമ്മാൾ ടീച്ചർ എന്റെ ഈ പുസ്തകത്തിന് അവതാരിക എഴുതിയതിൽ ഞാൻ ഏറ്റവും അനുഗ്രഹീതയാണ്.

ഈ പുസ്തകത്തിലെ കീർത്തനങ്ങളെല്ലാം സംഗീതജ്ഞർക്കും സംഗീത വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും അനായാസേന അഭ്യസിക്കുവാൻ പ്രയോജനപ്രദമാകട്ടെ എന്ന് ആശിക്കുന്നു.

ഡോ. ബി. പുഷ്പകൃഷ്ണൻ

# അവതാരിക

കർണ്ണാടക സംഗീത ലോകത്തിലെ അനശ്വര വാഗ്ഗേയകാരന്മാരായ ത്യാഗരാജസ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നീ സംഗീത ത്രിമൂർത്തികൾ ജീവിച്ചിരുന്ന കാലം സംഗീതത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നല്ലോ. അവരുടെ രചനകളെല്ലാംതന്നെ സംഗീതലോകത്തിന് ഏറ്റവും മികച്ച മുതൽക്കൂട്ടാണ്. അവരെപ്പോലെ അവരുടെ സമകാലീനരും മുൻഗാമികളും, പിൻഗാമികളുമായ പല ഉത്തമ വാഗ്ഗേയകാരന്മാർ സംഗീത ലോകത്തിന് ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. അവരിൽ പ്രധാനപ്പെട്ടവരുടെ ചില കീർത്തനങ്ങൾ ശേഖരിച്ചാണ് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ളത്. സംഗീത പിതാമഹനായ പുരന്ദരദാസർ മുതൽ ആധുനിക കാലത്ത് ജീവിച്ച കെ.എൻ. ഗോപാലപിള്ളെള വരെയുള്ള ഏതാണ്ട് നാല് കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന മഹാന്മാരായ 22 വാഗ്ഗേയകാരന്മാരുടെ കീർത്തനങ്ങളാണ് ഇതിലെ ഇതിവൃത്തം. സ്വാതിതിരുനാൾ മഹാരാജാവിന്റെ ജ്യേഷ്ഠസഹോദരിയായ രുഗ്മിണിഭായ് തമ്പുരാട്ടി, സ്വാതിതിരുനാൾ മഹാരാജാവ്, ഇരയിമ്മൻ തമ്പി, കുട്ടിക്കുഞ്ഞു തങ്കച്ചി തുടങ്ങിയ കേരളത്തിലെ വഗ്ഗേയകാരന്മാരുടേയും, അച്യുതദാസർ, വേദനായകം പിള്ളെള, ഗോപാലകൃഷ്ണഭാരതി തുടങ്ങിയ തമിഴ് വാഗ്ഗേയകാരന്മാരുടെയും, രാമനാട് ശ്രീനിവാസ അയ്യങ്കാർ, പട്ടണം സുബ്രഹ്മണ്യയ്യർ, ഗർഭപുരിവാസർ, അന്നമാചാര്യർ തുടങ്ങിയ തെലുങ്ക് വാഗ്ഗേയകാരന്മാരുടെയും കൂടാതെ ആധുനിക കാലത്ത് ജീവിച്ചിരുന്ന മുത്തയ്യാഭാഗവതർ, ജി.എൻ. ബാലസുബ്രഹ്മണ്യം തുടങ്ങിയവരുടേയും മഹത്തായ രചനകൾ ഈ പുസ്തകത്തിനെ അലങ്കരിക്കുന്നുണ്ട്.

സംസ്കൃതം, തെലുങ്ക്, കന്നട, തമിഴ്, മലയാളം എന്നീ അഞ്ചു ഭാഷകളിൽ രചിച്ച കീർത്തനങ്ങൾ ലതാംഗി, ധർമ്മവതി, കല്യാണി, മായാമാളവഗൗള തുടങ്ങിയ മേളകർത്താ രാഗങ്ങളിലും, നാട്ടക്കുറിഞ്ചി കേദാരഗൗള, ധന്യാസി, സാരംഗ, സുരുട്ടി, മുഖാരി തുടങ്ങിയ ജന്യരാഗങ്ങളിലും, ആദി, രൂപകം, ചാപ്പ്, ഖണ്ഡചാപ്പ് തുടങ്ങിയ താളങ്ങളിലുമായി ചിട്ടപ്പെടുത്തിയിട്ടുള്ളവയാണ്. വളരെ പ്രസിദ്ധിയാർജിച്ചതും, എന്നാൽ അധികം പ്രചാരത്തിലില്ലാത്തതുമായ കീർത്തനങ്ങളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. കീർത്തനങ്ങളിലെ സാഹിത്യം പരിശോധിച്ചാൽ ഈശ്വരനെ സ്തുതിക്കുന്നവയും, തത്വശാസ്ത്രത്തെ വിവരിക്കുന്നവയുമാണ്. ജാതിഭേദമില്ലാതെ ആർക്കുവേണമെങ്കിലും ആലപിക്കാവുന്ന കീർത്തനങ്ങളാണ്, വേദനായകം പിള്ളയുടേത്. എന്നാൽ ഗണപതി, ശിവൻ, സരസ്വതി, പാർവതി, ലക്ഷ്മി, ശ്രീരാമൻ, ഹനുമാൻ എന്നീ ദേവിദേവന്മാരെ സ്തുതിച്ചുകൊണ്ടുള്ളവയുമുണ്ട്.

ഇങ്ങനെ വിഭിന്നരീതിയിൽ രചിച്ചിട്ടുള്ള കൃതികളെ സമാഹരിച്ച് സംശോധനം ചെയ്തും ഉചിതമായ പഠനത്തോടുകൂടി യഥായോഗ്യം പ്രകാശിപ്പിക്കാൻ ഡോ. ബി പുഷ്പകൃഷ്ണൻ ചെയ്തിരിക്കുന്ന യത്നം ഏറ്റവും ശ്ലാഘനീയവും അഭിനന്ദനാർഹവുമാണ്.

എല്ലാം സ്വരപ്പെടുത്തിയിട്ടുള്ള കീർത്തനങ്ങളായതുകൊണ്ടുതന്നെ, സംഗീതജ്ഞർക്കും, ഗവേഷകർക്കും, സംഗീത വിദ്യാർത്ഥികൾക്കുമെല്ലാം നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും എന്നത്, ഈ പുസ്തകത്തിന്റെ മേന്മയെ ഉയർത്തികാട്ടുന്നു. മാത്രമല്ല, സംഗീതലോകത്തിന് ഒരു ഉത്തമ സംഭാവനയാണെന്നുള്ളത് നിസ്സംശയം പറയാൻ സാധിക്കും. ഈ സദുദ്യമത്തിന് സകലവിധ ഭാവുകങ്ങളും നേരുന്നു.

**ബി. പൊന്നമ്മാൾ**

(പാറശാല ബി. പൊന്നമ്മാൾ)

# അച്യുതദാസർ

കർണ്ണാടക സംഗീതത്തെ തങ്ങളുടെ കൃതികൾകൊണ്ട് അനശ്വരമാക്കിയ ഒട്ടനവധി വാഗ്ഗേയകാരന്മാരുടെ ഉത്ഭവത്തിന് 19-ാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. 'കൃതി' എന്ന സംഗീത രൂപത്തെ അതിന്റെ പൂർണ്ണതയിലേക്ക് എത്തിച്ചത് സംഗീത തൃമൂർത്തികൾ എന്നറിയപ്പെടുന്ന ത്യാഗരാജസ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നിവരാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ കൂടുതലായി കൃതികൾ രചിച്ചിരുന്നത് തമിഴിലും തെലുങ്കിലുമായിരുന്നു. തമിഴ് ഭാഷയിൽ കൃതികൾ രചിച്ച ഗോപാലകൃഷ്ണ ഭാരതി, കവികുഞ്ജര ഭാരതി, അണ്ണാമല, രാമസ്വാമി ശിവൻ എന്നിവർക്കിടയിൽ അച്യുതദാസർ ഒരു സുപ്രധാന സ്ഥാനം വഹിച്ചിരുന്നു.

ശങ്കരാഭരണ രാഗത്തിലുള്ള 'ചിന്മയാനന്ദമൂർത്തി' എന്ന അച്യുതദാസർ കൃതി പ്രസിദ്ധനായ കാഞ്ചീപുര നയനാപിള്ളൈ തന്റെ മിക്ക കച്ചേരികളിലും ഉൾപ്പെടുത്തിയിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിലെ 20-30 കാലഘട്ടത്തിൽ മിക്കപ്പോഴും കേൾക്കാമായിരുന്ന ചെഞ്ചുരുട്ടി രാഗത്തിലുള്ള 'കാണക്കിടയ്ക്കാത തങ്കം', കമാസ് രാഗത്തിലുള്ള 'പാർത്തുകൊണ്ടിരുക്കിറാൻ' കൃതികളും അച്യുതദാസരുടെതായിരുന്നു. ധാരാളമായി പാടിയിരുന്ന തോടി രാഗത്തിലുള്ള 'നിരഞ്ജനമേ' എന്ന പല്ലവി അച്യുതദാസരുടെ ഒരു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഇപ്പോൾ ബഹുധാരി രാഗത്തിൽ ആലപിക്കുന്ന സുപരിചിതമായ 'സദാനന്ദതാണ്ഡവം' എന്ന കൃതി തോടിരാഗത്തിലുള്ളതാണ്.

1850-ൽ വടക്കേ ആർക്കോട്ട് ജില്ലയിലെ പോളൂർ എന്ന സ്ഥലത്താണ് അച്യുതദാസർ ഭൂജാതനായത്. അദ്ദേഹം ബലിജ നായിഡു എന്ന സമുദായത്തിൽപ്പെട്ടയാളായതുകൊണ്ട് അബ്ബൈ നായിഡു എന്നാണ് ചെറുപ്പകാലത്തിൽ അറിയപ്പെട്ടിരുന്നത്. ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന് തന്റെ പിതാവിനെ നഷ്ടപ്പെട്ടു. അദ്ദേഹം തമിഴ്, തെലുങ്ക് എന്നീ ഭാഷകൾ പഠിക്കുകയും പിന്നീട് പോളൂരിലെ ഒരു വിദ്യാലയത്തിൽ അദ്ധ്യാപകനായി തീരുകയും ചെയ്തു. അതിനുശേഷം അദ്ദേഹം സംഗീതവും സംസ്കൃതവും അഭ്യസിച്ചു. ഭഗവാൻ ശ്രീരാമന്റെ തീവ്രഭക്തനായിരുന്ന അദ്ദേഹം ഒരു ക്ഷേത്രം പണികഴിപ്പിക്കുകയും ആഴ്ചതോറും ഭജനകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഭഗവാൻ ശ്രീരാമനെക്കുറിച്ച് ധാരാളം കൃതികൾ രചിക്കുകയും പിൽക്കാലത്ത് 'പ്രഹ്ലാദചരിത്രം', 'സക്കുഭായി ചരിത്രം', 'ധ്രുവചരിത്രം' എന്നീ സംഗീത രൂപങ്ങളും രചിച്ചു. അദ്ദേഹം വൈഷ്ണവ സിദ്ധാന്തത്തിൽ അഭിജ്ഞനായ വെങ്കടകൃഷ്ണദാസരെ കണ്ടുമുട്ടുകയും അബ്ബൈ നായിഡു എന്ന തന്റെ പേര് ആജ്ഞാനിയാൽ അച്യുതദാസർ എന്ന് മാറ്റപ്പെടുകയും ചെയ്തു.

ആർണി എന്ന സ്ഥലത്തിനടുത്തുള്ള കോസ്തംബാടിയിലെ തായമ്മൈ എന്ന സ്ത്രീയെയാണ് അച്യുതദാസർ വിവാഹം കഴിച്ചത്. ജന്മംകൊണ്ട് അദ്ദേഹം ഒരു വൈഷ്ണവ ഭക്തനായിരുന്നെങ്കിലും കടമൂർ എന്ന സ്ഥലത്ത് താമസിച്ചിരുന്ന സിദ്ധാന്തത്തിന്റെ പിൻതുടർച്ചക്കാരനായി തീരുകയും ചെയ്തു. അച്യുതദാസർ ഈ ലൗകിക സുഖങ്ങളെ ഉപേക്ഷിക്കുകയും ഒരു സന്യാസിയായി തീരുകയും, അതിനുശേഷം അദ്ദേഹം വ്യാപകമായി വടക്കേ ആർക്കോട്ട്, തെക്കേ ആർക്കോട്ട്, ചെങ്കൽപ്പേട്ട് എന്നീ ജില്ലകളിൽ കാൽനടയായി സഞ്ചരിക്കുകയും തന്റെ കൃതികളിലൂടെ ഈ സിദ്ധാന്തത്തെ പ്രചരിപ്പിക്കുകയും ചെയ്തു.

'അറിവാഹി നിൻറടാൽ തെരിയും', 'സർവ്വം ബ്രഹ്മമയം താൻ', 'തന്നെത്താൻ അറിയവേണം' എന്നിവ അദ്വൈത സിദ്ധാന്തത്തെ പ്രതിപാദിച്ച് അദ്ദേഹം രചിച്ചിട്ടുള്ള കൃതികളിൽ ചിലതാകുന്നു. കമാസ് ചെഞ്ചുരുട്ടി എന്നീ രാഗങ്ങൾ അദ്ദേഹത്തിന് വളരെ പ്രിയപ്പെട്ടതായി കാണുന്നു. "അദ്വൈത കീർത്തനാനന്ദലഹരി" എന്ന പേരിൽ അച്യുതദാസരുടെ കൃതികൾ ആദ്യമായി അച്ചടിച്ചതും പ്രസിദ്ധീകരിച്ചതും 1929-ൽ അമരപേട് രംഗസ്വാമി മുദലിയാരായിരുന്നു. മൂന്നു ഭാഗങ്ങളായാണ് ഇത് പ്രസിദ്ധീകരിച്ചത്. 'സന്മാർഗ്ഗദർശനം' എന്ന തന്റെ തത്ത്വജ്ഞാനപരമായ രചന പൂർത്തിയാക്കി 10 വർഷത്തിനുശേഷം 1902-ൽ വല്ലം എന്ന സ്ഥലത്തുവച്ച് അദ്ദേഹം അഖണ്ഡസമാധിയായി. എല്ലാ വർഷവും അദ്ദേഹത്തിന്റെ ശിഷ്യൻമാർ ഗുരുപൂജ ആഘോഷിച്ചുവരുന്നു. 1956-ൽ അദ്ദേഹത്തിന്റെ രചനകൾ, ജീവചരിത്രപരമായ സംക്ഷിപ്ത വിവരണത്തോടുകൂടി വിദ്വാൻ വൈദ്യലിംഗം പിള്ളയാൽ ഒരു പുസ്തകമായി പുനഃപ്രസിദ്ധീകരിക്കപ്പെട്ടു. ഈ പുസ്തകം അദ്ദേഹത്തിന്റെ ജീവ ചരിത്രപരമായ വിശദാംശങ്ങൾ അറിയുന്നതിനുള്ള ഒരു സഹായോപാധിയാണ്.

## ① പല്ലവി

പാർ പാർ തിരുക്കു വിലാസച്ചിൻമയനിലൈ
പരവയപേരരുളൈെപ്പരം പൊരുളൈ

**അനുപല്ലവി**

നീർ പാർ വെളിച്ചടു നെരുപ്പു മാരുതമൊടു
നിഖിലപൂരണ മുടിവൈെനിജ വടിവൈെസനി

**ചരണം**

എങ്കും നിറൈന്തതായ് ഇരുന്ത് മറൈന്തതായ്
പൊങ്കും പൂരണ സ്വയത്തൈ ബോധമയത്തൈ
സച്ചിതാനന്ദപരതത്വകോചര
അച്ചുതദാസനകത്തേയാടും സുഖത്തൈ

| |
|---|
| **രാഗം : നാഥനാമക്രിയ** |
| **താളം : ആദി** |

**പല്ലവി**

‖; സാാരിമഗരിമാമഗമാ |പധപാ ; പമ| മഗപമഗരിഗരി ‖
പാർ പാർ തിരുക്കു - - വി--ലാ-സ-- ച്ചിൻ മ-യ-നി--

‖സനി സമാഗമാ പാാമഗമനിധ| പാ ; ; മധ| പമഗമഗരിസരി ‖
ലൈ പ ര വി യ പേ ര രു ളൈ പ്പ രം പൊ രു ളൈ

‖സ̣നി̣ സാ̇രി മഗരിാ മാമഗമാ| പധപാപാാ ാ| ; ; ; ; ‖
- - പാ ർ പാർ തിരുക്കു വി ലാ സ

(പാർപാർ)

**അനുപല്ലവി**

|; ധപമഗമാപാപാപമപധ |; പധാനിധാ | പധപധമാമാ |;
നീർപാർ വെളി ച്ച ടു നെ രു പ്പു | മാ രു ത മൊ ടു

|; ഗ മ സരിഗമ പാപാ മപമപ | ധാപധാനിധനി | ധപമ ധ പമഗാ |;
നീർപാർ വെളി ച്ച ടു നെരു പ്പു മാ രു ത മൊടു

|; ഗപമഗ രിമഗാരിസനിസരി | ഗാ ; ; ഗമ | ധധ പമ മഗരിസ |;
നി ഖി ല പൂരണ മുടി വൈ---നി ജ---വടി വൈ--

| സനി (പാർപാർ)

**ചരണം**

|; മാ മാ മാ മാഗപമഗാ | ;ഗമാഗരി | രി ; രിഗരിസ |
എങ്കും നിറൈ ന്ത തായ് ഇരുന്ത് മ റൈന്ത തായ്

|; സരിമഗാ രിരിമാഗപമഗാ | ;ഗമപധനി | ധാമാഗാരി |
എങ്കും നിറൈ ന്ത തായ് ഇരുന്ത് മറൈന്തതായ്

|; രിനിസരി ഗരിഗാമഗമാപധ | പാ ; ; പധ | മപഗമരിഗസരി |
പൊങ്കും പൂരണ സ്വയത്തൈ- - - - ബോധ മയ ത്തൈ

അനുപല്ലവിപോലെ

സച്ചിതാനന്ദപരതത്വകോചര

അച്ചുതദാസനകത്തേയാടും സുഖത്തൈ (പാർപാർ)

## ② പല്ലവി

വീണായ് കലാങ്കൾ കഴിക്കാതേ നെഞ്ചമേ

**അനുപല്ലവി**

കാണാതരുളൈ പഴിക്കാതേ ഗതിയേതിനി

**ചരണം**

മാനിട ജന്മം അറിതാനതെൻട്രുണ്ണാമൽ നീ
ഏനലയ്കിറായിതു പോനാൽ വരുമോ ഇനി
(വീണായ്)

| | |
|---|---|
| രാഗ | - കമാസ് |
| താളം | - ആദി |

പല്ലവി

| മാാ ഗാാ മാാ പാാ പധരിസ് | സ്സ്നിധ പാ ; | ; പമപാനിധ |
വീ ണായ് കാ ല ങ്ക ൾ ക ഴി ക്കാ - - തേ - - നെഞ്ച- മേ.

| മാാ ഗാാ മാാപാാ മപധപ | പധനിസ്നിാർിസ | നിധപമപാനിധ |
വീ ണാ യ് കാ ല ങ്ക ൾ ക ഴി ക്കാ തേ വെ യ്യ നെ ഞ്ച മേ

| മാാ മഗരി സമഗമപധമപധനി | സ്ാാമഗ്ർിസ്സ് | നി ധ പ മ പാനിധ |
വീ ണാ യ് കാ ല ങ്ക ൾ ക ഴി ക്കാ - തേ വെ യ്യ നെ ഞ്ച മേ
(വീണായ്)

## അനുപല്ലവി

| നിാ ധാ ധനിസ്സാസ്സാ സ്മഗാ | മ്ഗ്രിസ്സാനി രിസ് | നി ധ പ മ പാ ധാ |
കാ ണാ ത രുളൈ പഴി ക്കാ തേ ഗതി യേ - - തി നി

| നിാധാ ധനി സ് ാ സ് ാ രി സ് രി ഗ | മഗ്രിസ് ാ നിധനി | സ രി നി സ ധനിപധ |
കാ ണാ ത രു ളൈ പഴി ക്കാ തേ- - ഗ തി യേ തി നി

(വീണായ്കാലം)

## ചരണം

| മാാനിധപധനി സാനിാ രിസാാ | ഗാാ മ്ഗ്രിസ്നി | രിസ്നിധ സ്നിധപ |
മാ നി ട ജ ന്മം അ റി താ ന തെ ൻ ട്രു ണ്ണാ മ ൽ നീ - — -

| നി ധ പ മ ഗാ മാ പാ പാ മ പ ധ പ | പ ധ നി ാ ; രി സ് | നീധ പ മ പാ ധാ |
ഏ ന ല യ് കി റാ യി തു പോ നാൽ വ രു മോ - - ഇനി

| നി ധ പ മ ഗാ മാ മ പ ധപപധനിാ | ധനിസ് നിധനി ാ | സ്രിനിസ് ധനിപധ |
ഏ-ന ല യ് കി-റാ യി തു പോ നാൽ വരുമോ ഇനി

(വീണായ്)

# താളപ്പാക്കം അന്നമാചാര്യ

1424-ൽ ആന്ധ്രപ്രദേശിലെ കടപ്പ ജില്ലയിലെ താളപ്പാക്കം എന്ന സ്ഥലത്ത് നന്ദവരിക എന്ന തെലുങ്കു വംശത്തിലെ നാരായണസൂരി ലക്ഷമ്മ എന്നിവരുടെ മകനായി താളപ്പാക്കം അന്നമാചാര്യ ഭൂജാതനായി. അന്നമാചാര്യയെയും അദ്ദേഹത്തിന്റെ മകൻ പെദ്ദ തിരുമല അയ്യങ്കാരെയും, ചെറുമകൻ ചിന്ന തിരുമലൈ അയ്യങ്കാരെയും ചേർത്താണ് താളപ്പാക്കം രചയിതാക്കൾ എന്ന് അറിയപ്പെട്ടിരുന്നത്. താളപ്പാക്കം അന്നമാചാര്യ ഒരു വൈഷ്ണവ ഭക്തനായിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും സംഗീതം ഇഷ്ടപ്പെട്ടിരുന്നു. ഇക്കാരണത്താൽ ശ്രീവെങ്കടേശ്വര ഭഗവാനെ സ്തുതിച്ച് ധാരാളം കൃതികൾ രചിക്കുന്നതിന് ഇടയായി. അദ്ദേഹം ജീവിതം മുഴുവനും വെങ്കടേശ്വരനെ ഭജിക്കുന്നതിനു കൃതികൾ രചിക്കുന്നതിനുമാണ് ചെലവഴിച്ചത്. അദ്ദേഹത്തിന്റെ രചനകൾ പൊതുവെ ആദ്ധ്യാത്മ സങ്കീർത്തനലു, ശൃംഗാര സങ്കീർത്തനമു, ശൃംഗാര മഞ്ജരി, വെങ്കടാചല മഹാത്മ്യം എന്ന് നാലായി തരം തിരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മകൻ, അന്നമാചാര്യയുടെ എല്ലാ രചനകളും താമ്രപത്രങ്ങളിൽ എഴുതി തിരുപ്പതി ശ്രീനിവാസക്ഷേത്രത്തിലും, അഹോബല ശ്രീനരസിംഹസ്വാമി ക്ഷേത്രത്തിലുമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്. രാഗങ്ങളെക്കുറിച്ച് ഈ രചനകളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും താളത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ല. അന്നമാചാര്യയുടെ ഏകദേശം 32,000 കീർത്തനങ്ങൾ ഉണ്ടെന്ന് അദ്ദേഹത്തിന്റെ ചെറുമകൻ അവകാശപ്പെടുന്നുണ്ടെങ്കിലും തിരുപ്പതിയിൽ ഏതാണ്ട് 12,000 കീർത്തനങ്ങൾ മാത്രമാണ് ഇപ്പോൾ ലഭ്യമാകുന്നത്.

അദ്ദേഹത്തിന്റെ "അദ്ധ്യാത്മ സങ്കീർത്തനമു" ഒരാൾക്ക് എങ്ങനെ ശ്രീവെങ്കടേശ്വര ഭഗവാനോട് ഭക്തി ജനിക്കുന്നു എന്നതിനെക്കുറിച്ചും ഭഗവാനെ സ്തുതിച്ചു കൊണ്ടുമുള്ള കീർത്തനങ്ങളാണ് അദ്ദേഹം സ്വയം നായികയായി സങ്കല്പിച്ച് ശ്രീവെങ്കടേശ്വര ഭഗവാനോടുള്ള മധുരമയമായ ഭക്തി വളരെ മനോഹരമായ രീതിയിൽ പ്രകടിപ്പിക്കുന്ന തരത്തിലുള്ള കീർത്തനങ്ങളാണ് "ശൃംഗാര സംങ്കീർത്തനമു". "വെങ്കടാചല മാഹാത്മ്യം" എന്ന കീർത്തനങ്ങൾ, ആ ക്ഷേത്രത്തെപ്പറ്റിയുള്ള കഥകളെല്ലാം, സ്ഥലപുരാണത്തെയും വിവരിക്കുന്ന തരത്തിലുള്ളവയാണ്. അന്നമാചാര്യയുടെ മറ്റൊരു സംസ്കൃത രചനയായ 'സങ്കീർത്തന ലക്ഷണം' അദ്ദേഹത്തിന്റെ ചെറുമകൻ തെലുങ്കു ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

അന്നമാചാര്യ ഭജനപദ്ധതിയെ പരിപോഷിപ്പിച്ചവരിൽ ഏറ്റവും പ്രധാനിയായിരുന്നു. അദ്ദേഹത്തിന്റെ പദകവിത മാർഗ്ഗദർശി, ദ്രാവിഡാഗമ സാർവ്വഭൗമ, സങ്കീർത്തനാചാര്യ എന്നിങ്ങനെയുള്ള പേരുകൾ ബഹുമാനാർത്ഥം ലഭിച്ചിരുന്നു. അന്നമാചാര്യയുടെ 108 കീർത്തനങ്ങൾ തിരുപ്പതി ക്ഷേത്രത്തിൽ നിന്നു തെരഞ്ഞെടുത്ത്, തിരുപ്പതി ആസ്ഥാന വിദ്വാനായിരുന്ന രല്ലപള്ളി അനന്ത കൃഷ്ണശർമ്മയെകൊണ്ട് സ്വരപ്പെടുത്തുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1503-ൽ 79-ാം വയസ്സിൽ അദ്ദേഹം നിര്യാതനായി.

## പല്ലവി

മങ്കാബുധീ ഹനുമന്ത നിചരണ
മന്ത വിഞ്ചിതിനി ഹനുമന്ത

## അനുപല്ലവി

ബാലാർക്ക ബിംബമു ബലമതിബട്ടിന
ആലടി ചിന്തന ഹനുമന്ത
ദുലചെബ്രഹ്മ ദുലചെ വരമുലു
ഗൊലിചേ കൊനിഹിത ഹനുമന്ത

## ചരണം

പാതാളമുലോ ബലിമയി രാവണുടു
ആതല ചെമ്പിന ഹനുമന്ത
ചേതുലമൊത്സുക ശ്രീ വെങ്കടപതി
ഇതല ഗൊലി ചേത ഹനുമന്ത (മങ്കാംബുധി)

രാഗം-ധർമ്മവതി
താളം-ആദി

## പല്ലവി

|| പാാ മരിാ ഗാരിാ സാാ സസസ | രിാാ ഗസാസാ നി̇ാ രിനി̇ സരിഗാ ||
മ - -ങ്കാം- - - ബു ധി ഹ നു | മ - - - - ന്ത നി- - - -ച രണ

|| പമധ പ പമഗാാരിാ സാാ സസ | രിാഗസാ സാ നി̇ാ രിനി̇സാരിഗാ ||
മ - - - - -ങ്കാം - - ബു ധി ഹ നു | മ- - - ന്ത നി -ച ര ണ

|| പാാ മാ ഗ മാാ മാ മാ പാ പ | ാാ പധാ പാ മപമ ഗരിസരിഗമ ||
മ- - ന്ത- - വി- - ഞ്ചി തി നി | ഹ- - നു-മ ന്ത - - - - - - -

|| <u>പാ ധനി സാരിാ</u> സനിധാ പ മഗരിസസസാ | ാരിാ ഗസാസാ നിാരിനിസരിഗാ ||
മ - - - - - - ങ്കാം- - ബു- - - ധിഹനു | മ- - - ന്ത - നി രണ

|| പാാമ ാ മാാാ മാാ പധനിനി | സ്́രി നിരിനിാ ധാപമഗരിസരിഗമ ||
മ - ങ്ക-വി- -ഞ്ചി- തി- - നി | - - ഹനുമ - - -ന്ത- - - - - -

(മങ്കാംബുധി)

## അനുപല്ലവി

|| നിാാ ധാാ പമ പനിധനി സാ സാ | ാാനി ഗ്́ാ രി സ്́ാസ നിധാനിാസ്́ാ ||
ബാ- ലാ ർക്ക ബിം- - - ബ - മു | ബ- ല- മ-തി-ബ - - - -ട്ടിന

|| ാാ സാ സാസാ രിാാ ഗാഗരിരി | ാാ രി̇ാരി̇ാരി̇ാസ് രി̇ഗ് രി̇ഗ്രി̇ാ ാ ||
ആ- ല -ടി ചി ന്ത ന - | - - ഹനു- മ - - - - -ന്ത- -

|| ാാാ മാ മ മാ രിഗ്ഗ് രി സാാാ
ദു-ല-ചെ-ബ്ര----- ഹ്മാ-

|| ാാ ഗാ ഗാ നിാ നിാധാ പാമാ
ഗൊലി ചേ----കൊനി

**ചരണം**

|| പാാപാാ മാാപാമഗ മ പ മ
പാ താ ള മു ലോബലി

|| ാാഗാ മാഗ രിാാരിാഗാരിാസാ
ആ ത ല ചെ മ്പി ന

|| ാാ ധാ ധാ ധാനിാ നിനിാനിാധ
ചേ-തു- മൊ - ------

|| ാാ ധാധാധാ നിാനിനിാനിാധ
ചേതുല മൊ - - - -

|| ാാ നി രി നിാ ധാ പാ മാ മ പ ധ നി
ഇ - ത ല- ഗൊലി ചേ-----

| ാാ ഗരി സനിാാ ാധപ മധാ ധാ ||
--ദുലചെ -- വ - ര - മു-ലു

| മ പ ധനിസനി ധപ മധപമഗരിഗമ ||
-ഹിത - ഹ – നു - മന്ത------

(മങ്കാംബുധി)

| പ മ പധ പധ നിരിനിാധാപാമാ ||
മയി രാ -- ---- വണ്ണു ടു

ാാ സസനി സരിരിഗമഗരിഗരിരിാ
| നു മ ന്ത- ------

| പ മ മാ പാ ധാ നി സാസ്ാസ്ാ സ ||
ത്സു ക ശ്ര - വെ - ങ്ക ട പതിി

| പ മ മാ പാ ധാനിസ്രി ഗ്ാരിസ്ാ ||
ത്സുക ശ്രീ - വെ - ങ്ക ട --പ തി

| സ്ാ സ് സനിാ ധപമധ പമഗരിഗമ ||
ഹി- ത ഹനുമ -- ന്ത --

(മങ്കാംബുധി)

# ഇരയിമ്മൻ തമ്പി

കേരളീയ ഗാനരചയിതാക്കളിൽ സ്വാതിതിരുനാളിനെക്കഴിച്ചാൽ പിന്നെ ഏററവും ഉന്നതനായ വ്യക്തി ഇരയിമ്മൻ തമ്പിയാണ്. തമ്പിയുടെ സംഗീത സംരംഭങ്ങളുടെ മുഴുവൻ ഫലങ്ങളും വെളിച്ചം കണ്ടിട്ടില്ല. യശശ്ശരീരനായ ടി. ലക്ഷ്മണൻ പിള്ള എഴുതിയ 'ട്രാവൻകൂർ മ്യൂസിക് ആൻഡ് മ്യൂസിഷ്യൻ' എന്ന പുസ്തകത്തിൽ തമ്പി ഏകദേശം 500റിലേറെ ഗാനങ്ങൾ രചിച്ചിരിക്കുന്നതായി പറയുന്നുണ്ട്. തിരുവനന്തപുരത്ത് കരമനയ്ക്കടുത്തുള്ള പുതുമന വീട്ടിലെ അംഗമായിരുന്ന പാർവതിത്തങ്കച്ചിയാണ് ഇരയിമ്മൻ തമ്പിയുടെ അമ്മ. അച്ഛൻ കേരള വർമ്മത്തമ്പുരാൻ ആയിരുന്നു.

മോത്താട്ട് ശങ്കരൻ ഇളയത് എന്ന പണ്ഡിതന്റെ കീഴിൽ തമ്പി സംസ്കൃതവും ശാസ്ത്രങ്ങളും അഭ്യസിച്ചു. 14 വയസ്സായപ്പോൾ അദ്ദേഹം കവിതയെഴുതാൻ തുടങ്ങി. തങ്കച്ചിയെ വിവാഹം ചെയ്തു. അതിലദ്ദേഹത്തിന് പിറന്ന ഏകസന്താനമാണ് സുപ്രസിദ്ധ കവയത്രിയും ഗാനരചയത്രിയുമായ കുട്ടികുഞ്ഞുതങ്കച്ചി. ഇരയിമ്മൻ തമ്പിയുടെ സംഗീത രചനകൾ കണ്ടുകിട്ടിയിടത്തോളം, കീർത്തനങ്ങൾ, വർണ്ണങ്ങൾ, പദങ്ങൾ, ഇതിനുപുറമെ ദക്ഷയാഗം, കീചകവധം, ഉത്തരാസ്വയംവരം എന്നിങ്ങനെ 3 ആട്ടകഥകളും, നവരാത്രി പ്രബന്ധം എന്ന വർണ്ണനാപരമായ ഗാനകാവ്യവും താരാട്ട്, കുമ്മി, തിരുവാതിരപ്പാട്ടുകൾ മുതലായവയും ആണ്.

ഇരയിമ്മൻ തമ്പിക്ക് 31 വയസ്സ് പ്രായമുള്ളപ്പോഴാണ് സ്വാതിതിരുനാൾ ജനിച്ചത്. രാജശിശുവിന്റെ ജനനത്തിൽ പ്രജാവലി മുഴുവൻ ഏകമനസായാഹ്ലാദിക്കുമ്പോൾ തമ്പി തന്റെ ആഹ്ലാദം കൊണ്ട് "ഓമനത്തിങ്കൾക്കിടാവോ" എന്ന പ്രസിദ്ധമായ താരാട്ട് രചിച്ചു. ഇത് ലോകത്തിലെ ഏററവും വിശുദ്ധവും വിശിഷ്ടവുമായ വസ്തുക്കളോട് തമ്പി രാജകുമാരനെ ഉപമിക്കുകയാണ്. Fok Strangways എന്ന ഇംഗ്ലീഷ് എഴുത്തുകാരൻ Music of Hindustan എന്ന തന്റെ പുസ്തകത്തിൽ ആ താരാട്ട് തർജ്ജമ ചെയ്ത് ചേർക്കുകയും അത് പാടേണ്ട രീതി സ്റ്റാഫ് നോട്ടേഷൻ പ്രകാരം പാശ്ചാത്യസമ്പ്രദായത്തിൽ സ്വരപ്പെടുത്തി കാണിക്കുകയും ചെയ്തിട്ടുണ്ട്.

തമ്പിയുടെ കൃതികളെല്ലാം ഭക്തിദ്യോതകമാണ്. ദേവി ആയിരുന്നോ ശ്രീകൃഷ്ണനായിരുന്നോ അദ്ദേഹത്തിന്റെ ഇഷ്ടദൈവം എന്ന് തീർത്തും പറയുവാൻ പ്രയാസമുണ്ട്. സംസ്കൃത കൃതികൾ അധികവും ശ്രീ കൃഷ്ണനെ അഥവാ ശ്രീപത്മനാഭനെ സ്തുതിച്ചുകൊണ്ടും മലയാള കൃതികൾ ദേവിയെ സ്തുതിച്ചുകൊണ്ടും ഉള്ളവയാണ്. സംഗീത മാധുര്യം കൊണ്ടും ഭാവമാധുര്യം കൊണ്ടും സാഹിത്യഭംഗികൊണ്ടും അവ അതുല്യങ്ങളാണ്. വിപ്രലംശൃംഗാരവും സംഭോഗ ശൃംഗാരവുമാണ് അതിലെ രസം. ആട്ടക്കഥ സാഹിത്യത്തിലായാലും സംഗീതത്തിലായാലും ഇരയിമ്മൻ തമ്പിയുടെ കഥകളികൾക്ക് അദ്വിതീയമായ സ്ഥാനമാണുള്ളത്. അഭിനയ യോഗ്യതകൊണ്ടും അവ സമുന്നത സ്ഥാനമർഹിക്കുന്നു. വിശേഷപ്പെട്ട അനേകം കഥകളിപ്പാട്ടുകൾ അതിലുണ്ട്.

തിരുവനന്തപുരത്തെ നവരാത്രി മഹോത്സവത്തെ "നവരാത്രി പ്രബന്ധം" എന്ന രചനയിൽകൂടി വിവരിച്ചിട്ടുണ്ട്. 1862-ൽ ഇരയിമ്മൻ തമ്പി കാലഗതി പ്രാപിച്ചു.

**പല്ലവി**

പാഹിനിഖില ജനനി സതതം

**അനുപല്ലവി**

ദേഹി തവപദ ഭക്തിം ശുഭദേ

തവദയിതേ ശിവേ സുജനവരദേ (പാഹി)

**ചരണം**

ധരാ ധരണി മഞ്ചുളചികുരേ അംബ
സുന്ദരക്പോല തട വിചിതേമുകുരേ
ക്ഷീരതടാകതടേ നിവസതേ ശ്രീ ഗൗരി ഭഗവതി സുമന്ദ ഹസിതേ

രാഗം-നാട്ട
താളം-ആദി

**പല്ലവി**

|| സ്ാ ാനിാപാ സ്നിപമാാമഗപമ | രി ാാാാാ സരിരി സനി സഗമപനി
പ ാ ഹിനി ഖി ല ജ ന | നി - - - സ ത - - - തം - - -

|| സ്നിരിാസ്നി പസ്സനി പമ മഗപമ | രി ാാാ ാാ സരി രിസനിസഗമപനി
പ ാ - - ഹി നി - -ഖി ല- ജ- -ന | നി - - - സ- ത - - തം - - - -

|| സ്നി പാാപ മ പാനിപാാമ മഗപമ | രി ാാാ ാാ - സ ാ് ാാ ാാ ാാാാ
പാ - - - -ഹി നി - - ഖില ജ ന | നി - - - - - - -

### അനുപല്ലവി

|| പ ാാ  നി പ ാ  പാനി  പാനിസ്ാസ്ാ | സ് ാാാ സ്ാാാ  സ്നിരിസ് സ്നിനി ാ ||
ദേ- - -ഹി- - -  ത-  - -വ  പ  ദ  ഭ  ക്തിം -ശു  ഭ-  ദേ - - -

|| സ്നിപമരിസ ഗമപനി പനി സ്ാ സ്ാ | നിസ് രിസ്  ര്ിാ ാാഗ്ാമ്ാര്ിാ സ്ാ ||
ദേ- - -ഹി- -ത  വ  പ  -  ദ - -  ഭ - - -  ക്തിം-ശു ഭ ദേ - - -

|| സ്നി പമ മഗപമ  രിാാ  നി ാ പാ | ;ര്ിാ സനിപാ സ്നി പമ ഗമപനി ||
ത  വ  ദ  യി  തേ  ശി വേ  സു  ജ  ന  വ  ര ദേ - - - -
(പാഹി)

### ചരണം

|| പാ പാാാാ പസ്നിപാ  പനിസ്നി | പാ മാ മഗപമരിാ  രിസാ സഗമ ||
ധ  രാ  ധ  ര ണി  മ- - - -  ഞ്ജു ള  ചി കൂ രേ- -  അം  ബ- - -

|| നിാ പ ാാാാ പസ്നിപാ <u>പനിസാരിസസ</u> | പാ മാ മഗ പ് മരിാ  സാ ഗാ ഗാ
ധരാ  ധരണി  മ  ഞ്ജു ള  ചി കൂ രേ  സൂ- - - -

|| സാ നി̣ാ  സാാഗാാമാ  പനിപാ | പനിസനി പമഗമ  പനിപനിസ്ാാ ||
ന്ദ  ര  ക  പോല  ത  ല  വി  ചി  തേ - - - മു- കു  രേ- -

|| സ്നി പനി സ്നിപമരിാ  രിരിസസാ സ | ാ രിാ സ രി രി സസ നി പ ാ മ ഗമപനി ||
ക്ഷീ  ര തടാ- - കതടേ- -  നിവസതേ ശ്രീ  - -ഗൗ രി ഭ  ഗ  വതി സു മന്ദ  ഹസിതേ

### ചിട്ടസ്വരം

|| സ്ാ ര്ിസ്നി  സനിപ നിപമ പമരിരി | സാാരിസ മഗപമനി പ സനിരിസനി ||
സ്ര്ിഗ്മര്ിാ  മ്മ്ര്ിരിാസ സസനിനി  ാ പ  മമരിരിാസ നി̣ സരിഗമപധനി
(പാഹി)

# കെ.എൻ. ഗോപാലപിള്ള

"സരസഗായക കവിമണി" യായിരുന്ന ശ്രീ. കെ.സി. കേശവപിള്ളയുടേയും, ശ്രീമതി. കെ. നാണിക്കുട്ടിയമ്മയുടേയും മകനായി 1902-ൽ ജനിച്ചു. കുട്ടിക്കാലത്തുതന്നെ ശാസ്ത്രീയ സംഗീതം കേട്ട് വളരാൻ അനുഗൃഹിതനായിരുന്ന അദ്ദേഹം സംഗീതവും, സാഹിത്യവും നല്ലപോലെ അഭ്യസിച്ച് ഹൃദിസ്ഥമാക്കിയിരുന്നു. 1924-ൽ ബി.എ. ബിരുദവും, 1936-ൽ എം.എ ബിരുദവും കരസ്ഥമാക്കി. അതിനുശേഷം മധുര അമേരിക്കൻ കോളേജിലും, ചങ്ങനാശേരി എൻ.എസ്.എസ്. കോളേജിലും പ്രൊഫസറായി അദ്ദേഹം ജോലി നോക്കിയിരുന്നു. പട്ടണം സുബ്രഹ്മണ്യയ്യരുടെ ശിഷ്യനായ രാമനാട് ശ്രീനിവാസ അയ്യങ്കാരുടെ ശിഷ്യപരമ്പരയിൽപ്പെട്ട ലക്ഷ്മി നാരായണ ഭാഗവതരിൽ നിന്നാണ് കർണ്ണാടക സംഗീതം അഭ്യസിച്ചത്. സംഗീതം, സാഹിത്യം, വൈദ്യശാസ്ത്രം മുതലായവയിൽ തുടർന്ന് പ്രവർത്തിക്കുകയും അനേകം ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. കഥകളി, ബാലസാഹിത്യം, നാടകം, ചെറുകഥ, വ്യാകരണം, തുള്ളൽ, നോവൽ, നിരൂപണങ്ങൾ, കെ.സി.യുടെ ജീവചരിത്രം തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെട്ടതാണ്.

സംഗീത സാഹിത്യവൈഭവങ്ങളുടെ സമ്മിശ്രമായ ഫലമാണ് അദ്ദേഹത്തിന്റെ "സംഗീതകൃതികൾ" എന്ന രചനയിൽ കൂടി നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ധാരാളം സാഹിത്യരചനകൾ ചെയ്ത കൂട്ടത്തിൽ സംഗീത കൃതികളും രചിച്ചിട്ടുണ്ട്. സംഗീതകൃതികൾ എന്ന് പറയുമ്പോൾ അതിൽ പലവിധത്തിലുള്ള പലരൂപങ്ങളും, നാടോടിപാട്ടുകളും, കുമ്മിയും മററും ഉൾപ്പെടുന്നു. കർണ്ണാടക സംഗീതത്തിന് ഉതകുന്ന "71" കൃതികളും "2" കുമ്മികളും "9" ജാവലികളും "4" തിരുപ്പുകഴ്കളും, "2" തേവാരങ്ങളും, ഒരു തിരുവാതിരപ്പാട്ടും, ഒരു പള്ളിയുണർത്തുപാട്ടും, ഒരു അകാരാദി സ്തോത്രഗീതവും, ഒരു നമഃശിവായ കീർത്തനവും, ഒരു തമിഴ്കൃതിയും ഇത്രയുമാണ് "സംഗീതകൃതികൾ" എന്ന ഗ്രന്ഥത്തിലുള്ളത്.

"71" സംഗീത കൃതികൾക്കുവേണ്ടി ഏകദേശം "40" രാഗങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ആദി, രൂപകം, ചാപ്പ് തുടങ്ങിയ താളങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തിരുവാതിരപ്പാട്ട്, ബിലഹരി രാഗത്തിലുള്ള "രാമാവേണുഗോബാല" എന്ന സ്വരജതി പോലെയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതിലെ സാഹിത്യം ആറാട്ട് കടവിൽ വാഴുന്ന മഹേശ്വരനെ സ്തുതിക്കുന്നവയാണ്. ഇതിൽ സ്വരങ്ങൾക്കെല്ലാം യോജിച്ച് സാഹിത്യം വരത്തക്കവിധത്തിലാണ് അത് രചിച്ചിരിക്കുന്നത്. അതുകൊണ്ട് പാടികേൾക്കുമ്പോൾ വളരെ ഭംഗിയായിരിക്കുന്നു.

എടുത്തുപറയത്തക്കതായ വേറൊരു കാര്യം എന്തെന്നാൽ "ഹുസൈനി" രാഗത്തിലുള്ള "ഓങ്കാരസ്വരൂപിണി" എന്ന് തുടങ്ങുന്ന കൃതിയാണ്. ഇതിൽ നാല് ആവർത്തനത്തിലുള്ള നല്ലൊരു ചിട്ടസ്വരവും കൂടിയുണ്ട്. ചിട്ടസ്വരത്തിൽ ഹുസൈനി രാഗത്തിന്റെ ഭാവം മുഴുവനും നിറഞ്ഞ് നിൽക്കുന്നുണ്ട്. ഗണപതി, മുരുകൻ, അയ്യപ്പൻ, പരമശിവൻ, പാർവ്വതി, രാമൻ, മധുരമീനാക്ഷി, ശ്രീകൃഷ്ണൻ, പത്മനാഭൻ, ചോററാനിക്കരദേവി, തുളസിദേവി, കണ്ണമത്തുദേവി തുടങ്ങി അനേകം ദേവി ദേവൻമാരെക്കുറിച്ചുള്ള കൃതികളുടെ ഉടമയാണ് അദ്ദേഹം. ആനന്ദഭൈരവി രാഗത്തിലുള്ള ഒരു കൃതിയിൽ "സാമവേദകീർത്തിയായ്"

എന്ന് തുടങ്ങിയിട്ടുണ്ട്.. മഹാരാഷ്ട്ര, കാശ്മീർ, പഞ്ചാബ്, ഗുജറാത്ത്, ബംഗാൾ, ആസാം, കർണ്ണാടക, കാഞ്ചി- കന്യാകുമാരി എന്നീ ദേശങ്ങളിൽ വാഴുന്ന ദേവതകളെയാണ് സ്തുതിച്ചിട്ടുള്ളത്. അർത്ഥഭംഗിയും, രാഗഭാവവും നിറഞ്ഞ ഒരു കൃതിയാണ്. അദ്ദേഹത്തിന്റെ കൃതികളിലെല്ലാം ഗോപാലനുത, ഗോപാലസന്നുത, ഗോപാലവിനുത എന്നിങ്ങനെയുള്ള വാക്കുകൾ കൊണ്ട് സ്വനാമ മുദ്രകാരനാണെന്ന് തെളിയിച്ചിട്ടുണ്ട്.

രാഗമുദ്രവരുന്ന കൃതികളും ഉണ്ട്. ഉദാ: നീലാംബരി രാഗത്തിലുള്ള "ഹാസ്യവിലാസിനി" എന്നു തുടങ്ങുന്ന കൃതിയുടെ അവസാനം നീലാംബരീദേവി എന്ന് ചേർത്തിരിക്കുന്നു. "എന്ന് നിൻകൃപവരുമോ സർവേശാ" എന്ന തോടിരാഗത്തിലുള്ള കൃതിയിൽ സ്വനാമ മുദ്രയായ ഗോപാലസന്നുത എന്നതിനുപകരം "കേശവസുതനുത" എന്നാണ് ചേർത്തിരിക്കുന്നത്. കഥകളിയിലെ "സാരി"മട്ടിൽ രൂപം കൊടുത്തിരിക്കുന്ന ഒന്നാണ്. "ചൊല്ലിയലുന്നൊരു"എന്നുതുടങ്ങുന്ന എരികികലകാമോദരി രാഗത്തിലുള്ള രചന. നല്ല രണ്ട് കുമ്മികളും രചിച്ചിട്ടുണ്ട്. ഒരെണ്ണം ദേശീയകുമ്മിയാണ്. ഇതിൽ 16 സംസ്ഥാനങ്ങളുടെ പേര് സാഹിത്യഭംഗിയിൽ തന്നെ കോർത്തിണക്കിയിട്ടുണ്ട്.

സാധാരണ തെലുങ്ക് ഭാഷയിലാണ് ജാവലികൾ ധാരാളം ഉള്ളത്. മലയാളഭാഷയിലെ ഒരുപക്ഷേ ആദ്യമായിട്ടായിരിക്കണം ഇദ്ദേഹം ജാവലികൾ രചിച്ചിട്ടുള്ളത്. ഒൻപത് ജാവലികൾ രചിച്ച് സ്വയംനായികയായിട്ട് സങ്കൽപിച്ച് നായകൻ വരാത്തതിന്റെ ദുഃഖം പ്രകടിപ്പിക്കുകയും സഖിയോടും, തോഴിമാരോടും ചെന്ന് നായകനെ ആനയിച്ച് കൊണ്ടുവരാൻ അപേക്ഷിക്കുന്നതുമാണ് സാഹിത്യത്തിന്റെ അർത്ഥം. അനന്ദഭൈരവി, നീലാംബരി, സുരുട്ടി, അഠാണ, ഹിന്ദോളം, യദുകുല കാംബോജി മുതലായ രാഗങ്ങളാണ് ജാവലികൾക്ക് ഉപയോഗിച്ചിട്ടുള്ളത്.

"പോക പോക നീ മൽസഖീ" എന്ന ജാവലിയിൽ ചരണ ഭാഗത്തിൽ "ശങ്കരാഭരണമാമെങ്കിൽ കനിവാർന്നവൻ" എന്ന് നാഥനെ ശങ്കരാഭരണ രാഗമുദ്രയോടെയാണ് കണ്ടിരിക്കുന്നത്. ഇവ കൂടാതെ 4 തിരുപ്പുകഴും 2 തേവാരങ്ങളും രചിച്ചിട്ടുണ്ട്.

ഇതിൽനിന്നെല്ലാം അദ്ദേഹത്തിനുണ്ടായിരുന്ന രാഗ-താള-സാഹിത്യ വൈദഗ്ദ്യവുമെല്ലാം മനസ്സിലാക്കാൻ സാധിക്കുന്നു.

ഇവയ്ക്കെല്ലാം പുറമെ, തിരുആറാട്ട് കാവിൽ വാഴുന്ന ഭഗവാനെ ഉണർത്താനായി ഭൂപാള രാഗത്തിൽ "കണി കണ്ടീടുവാൻ ഉണർന്നാലും സ്വാമിൻ തിരുവാറാട്ടെഴും ഭഗവാനെ എന്ന പള്ളിയുണർത്തുപാട്ടും രചിച്ചിട്ടുണ്ട്. ചെഞ്ചുരുട്ടി രാഗത്തിലുള്ള "അകാരാദി സ്തോത്രവും" സ്തുത്യർഹമാണ്. നമഃശിവായ കീർത്തനം, ന,മ,ശി,വാ,യ എന്ന ക്രമത്തിൽ രചിച്ചിട്ടുണ്ട്. ഇത് അഞ്ച് ഖണ്ഡികകളായി, എട്ട് വരികൾ വീതമുള്ളവയാണ്. ജാതിമതം കൂടാതെ ജനങ്ങൾ ഒന്നിക്കണം എന്നും ഭാരതത്തിലെ ജനങ്ങളെ കാത്തുസൂക്ഷിക്കുന്നത് ജനങ്ങളുടെ കടമയാണെന്ന് അർത്ഥം വരുന്ന "ഏഴൈകൾ വാഴും" എന്നു തുടങ്ങുന്ന തമിഴ് പാട്ടും രചിച്ചിട്ടുണ്ട്.

ശ്രീ. ഗോപാലപിള്ളയുടെ സംഗീതരചനകൾ എല്ലാം തന്നെ രാഗഭാവങ്ങളും, സാഹിത്യഭംഗിയും ഒരുപോലെ നിറഞ്ഞുനിൽക്കുന്നവയാണ്. മാത്രമല്ല, പ്രാസാക്ഷരങ്ങൾ കൊണ്ടും ശോഭിക്കുന്നു. അച്ഛനെപ്പോലെ തന്നെ സംഗീതലോകത്തിനുവേണ്ടി ധാരാളം രചിച്ച് സംഭാവനൽകിയ അദ്ദേഹത്തെ എന്നും നാം സ്തുതിക്കുകയല്ലാതെ മറെന്ത് ചെയ്യും?

① **പല്ലവി**

ഗണനായക പരിപാലയ
പാർവ്വതീശ തനയാ വിമല

**അനുപല്ലവി**

കദനാംബുധി തന്നിൽ വലയും
ജനമാനസ ശീതളകര

**ചരണം**

പരമാത്മ ജീവാത്മ
സകലാത്മാവായ് വിലസും (ഗണനായക)
ഗോപാലക സേവ്യമാന
നീപാലയ കളഭ വദന (ഗണനാ യക)

| |
|---|
| **രാഗം**: മായാമാളവഗൗള<br>**താളം**: രൂപകം |

**പല്ലവി**

1 ‖ ; പധാ പ ാ ാ മ ഗ ാ ാ ‖ ; ഗ മ ാ ഗ ാ ാ രി ാ സാ ‖
ഗണ... നാ. . യ ക പരി പാ ല യ

‖ ; സ ാ രി ാ ഗാ ാ മ ാ ാ ‖ ാ ധാ പാ മാ ; മ ഗരി ‖
പാ വ്വ... തീ . . ശ ത..ന..യാ . . വിമല

2 ‖ ഗ മ   പധാ   പാ   മാധപ  മ ഗാ  ‖ ; മാപധ  പാാധ  മ ഗരിാസാ ‖
ഗണ..   നാ.. യ. . . . ക   പരി പാ ·   ല · യ·

‖ ; സാ സരി  രിാമ ഗമ ാ  ‖ ഗമ പധനിസ്നിധപമഗരി  ‖
പാ  വ്വ  തീ ... ശ. . .   ത . . ന. . യവി .  മ. . ല

‖ ഗമ   (ഗണനായക)

## അനുപല്ലവി

1 ‖ ; ധാ മാ ധാ നി ാാ സ്   ‖ ;  സ നിധാ ധാ നിാ സ്ാ  ‖
ക  ദ നാം ബു  ധി   ത ന്നിൽ  വ  ല  യും

‖ ; ധ രി ാ സ് ാ ാ നി ാ ധാ  ‖ സ് ാ ാ നിാാ ധാ പ മ ഗരി  ‖
ജ ന  മാ  ന  സ   ശീ  ത  ള  ക  ര

2 ‖ ; ധാ  പാ ധാ നി·ാാ സ്  ‖ ; സ് നി ധാ നി സ് രി സ് രിാ  ‖
ക  ദ നാം ബു  ധി   ത ന്നി ൽ· വ  . . ല .  . യും

‖;ധ രിാ സ് ാസ് നിാ ധാ  ‖ ധാാ ധ പ മ ഗാ ഗ മ ഗ രി  ‖
ജന .  . .  മ  ന  സ   ശീ..ത. .  .  ള . . ക ·ര ·

3 ‖ സാ ധാ മാ ധാ നിാാ സ്  ‖ ; സ നി ധാ സ് രി ഗ് രി ഗ്ാ  ‖
- - ക  ദ നാം ബു  ധി   ത ന്നി ൽ  വ . .  ല. .യും

‖ ാാ ഗ് മ് ഗ് രി സാ നിാ ധാ ‖ ഗ മ പ ധ നി സ് നി ധ പമഗരി ‖
ജ . ന  മാ  ന.. സ  ശീ .  - ത  -  ള  . ക-ര-

**ചിട്ടസ്വരം**

‖ പാ ധ പാ മ ഗ മ പ ധാ നി ‖ാ ധപമഗരിസനിസരിഗരി ‖

‖ മ ഗ പ മ ധ പനിധസ്നിരിസ ‖ ഗ്രിമ്ഗ്രിസ്നിഗ്രിസ്രിനി

‖ സ്സാ രി സ നി സ ധ നിാാ സ ‖ നി ധ നി പ ധാാ ധപമഗരി‖

‖ ഗമ (ഗണനായക)

**ചരണം**

1 ‖ ; സാരിഗാരിഗാാാ ‖ പാാധധപപമഗാാാ ‖
പര . . മാ. . . ത്മ ജീ. . . . . വാ. . . ത്മ

‖ ; ഗ മാ ഗരിാ സാരിാ ‖ സാാ നി സാ നി ഗാ രി സാ ‖
സക ലാ. . ത്മാ . . വാ . യ്.. വി. . ല . സും . .

2 ‖ നിാ ധാ പാ ധാ പാാാ ‖ ധ പപമ പധ പധ മപാാ ‖
സ ക.. ലാ . . . ത്മാ വാ യ് വി ല സും

അനുപല്ലവിപോലെ

‖ ഗോപാലക സേവ്യമാന നീപാലയ കളഭ വദന ‖ (ഗണനായക)

(2) **പല്ലവി**

പാഹി ഷഡാനന സ്വാമിൻ ദയാനിധേ
ദേഹിമേ മനശാന്തി ശ്രീനിധേ

**അനുപല്ലവി**

പാരിപ്പള്ളിയിൽ വാണു ഭക്തരാം ജനങ്ങൾക്കു
ചേലിൽ സന്മതി നൽകി തുണചെയ്യും ഭഗവാനേ

**ചരണം**

ഞാനെന്നുള്ളൊരു ഭാവം ഏതും കൈവെടിയാതെ
നാനാവിധ വൃത്തി കലരും ജനങ്ങൾക്കും
ഊനമെന്നിയേ നവചൈതന്യം പകർന്നീടും
ദീനവത്സല പുരുഷോത്തമ സേവ്യമാന

(പാഹി)

| |
|---|
| രാഗം: മോഹനം |
| താളം : ആദി |

പല്ലവി

1.| സ്ാാാ സ്ാ സ്ാ സ്ധരിസ്ധാപാ | പാ ധാ ഗാപാ | ധാാാസ്ാസ്ാ |
പ ാ ഹി ഷ ഡാ - ന - - ന - - സ്വാ - - മിൻ ദ - - യ ാ - - നി ധേ

2.| സ്രിഗ്രിസ്ാ സ്ാ സ്ധ രിസ്ധാപാ|പാധാ ഗാപാ|ധാധാ സ്ാസ്ാ |
പാ - - ഹി- - ഷ - - ഡാ - നന - - സ്വാ- - മി ൻ ദ യാ - നി ധേ

| സ് രി ഗ് പ് ഗ് രി സ് ാ സ് ധ രി സ് ധ ാ പാ | പാ ധാ ഗാപാ | ധ ാ ാ ാ സ്ാ സ്ാ |

പാ - - ഹി - - ഷ - - ഡാ - ന - - ന സ്വാ മിൻ ദ യാ നി ധേ

ധ ാ ാ ാ സാ ധ ാ ാ ാ പ ാ പ ാ ധ ാ | ഗാ ാ ഗാ ഗാ ാ | പ ാ ാ ാ ഗ പ ധ സ |

ദേ - - ഹി - - മേ - - മ - ന ശാ ന്തി ശ്രീ നി - - - ധേ

**അനുപല്ലവി**

| ധാ ധാ ാ ധാ ധാ ധാ ാ ധാ ാ ധ | പാ ധാ ഗാ പാ | ധാ ാ ാ സ്ാ സ്ാ |

പാ രി പ്പ ള്ളി യിൽ വാ ണു ഭ ക്ത രാം ജ ന ങ്ങൾക്കു

| ധ ഗാ രി ാ സാ സ്ാ സ്ാ ധാപാ | ഗഗാ പാ ാ ധാ | സ്ാ സ്ാ സ്ാസ്ാ |

ചേ ലിൽ സ- ന്മ - - തി നൽകി തുണ ചെ യ്യും ഭ ഗ വാ നേ

| ധാ ധാ ാ ധാ ധാ ധാ ാ ധാ ാ ധ | പ ധ ഗാ പാ ധാ | ാ ാ സ്ാ സാ |

പാ രി പ്പ ള്ളിയൽ വാ ണു ഭ ക്ത - -രാം ജ- - നങ്ങൾക്കു

| സ് രി ഗപ ഗ് രിസ്ാ ധാരി സധാപാ | പാ ധാ ഗാ പാ | പാധാ സ്ാസ്ാ |

ചേ - - ലിൽ സ ന്മതി നൽകി തു ണ ചെ യ്യു ഭ ഗ വാനേ

**ചിട്ടസ്വരം**

| സ ാ ാ സ്ധരിസധപഗധപഗാരിാ | സ ാ ാ ഗരിരി പ ഗ | ഗധപപസധധരി |

സ സ്ഗ്രി പഗ്രി ഗ്രി ഗസ് സ്രിസ് രിധ ധസ്ധ സ്പപ സ്ധപഗരിസരി ഗപധ

(പാഹി)

**ചരണം**

| ; ഗാ ഗാ ഗാ ഗ രി രി ഗ പാ പാ | ധാാ ധാാ ഗാ | പാ ധാ സാ സാ
ഞാ നെ ന്നു ള്ളൊരു ഭാവം ഏ തും കൈ വെ ടി യാ തെ

| രി ാാ സാാ സാ സ ധരിസധാപാ | പധാ സധാ പാ|പ ഗധപ ഗരിസാ |
നാ നാ വി ധ വൃ ത്തി - - - - ക ല രും ജ - - ന ങ്ങൾ- -ക്കും

2| ; ഗാ ഗാ ഗാ ഗരിരിഗപാ പാ | ധാാ ധാാ ഗാ | പാ ധാ സാ സാ
ഞാ നെ ന്നു ള്ളൊരു ഭാ വം ഏതും കൈ വെ ടി യാ തെ

| രിാാ സാാ സാ സധരിസ ധാപാ | പ ധാ ഗ ാ ാ ാ ഗ | പാാ പാാ പാ |
നാ നാ വി ധ വൃ ത്തി - - - ക ല രും ജ ന ങ്ങൾ ക്കും

**അനുപല്ലവി പോലെ**

ഊനമെന്നിയേ നവചൈതന്യം പകർന്നീടും
ദീനവത്സലപുരുഷോത്തമസേവ്യമാന

(പാഹി)

# കുട്ടികുഞ്ഞുതങ്കച്ചി

കൈരളിയെ അലങ്കരിക്കാൻ നിരന്തര പരിശ്രമം ചെയ്ത സ്ത്രീ രത്നങ്ങളിൽ പ്രഥമ വനിതയായിരുന്നു ശ്രീമതി. കുട്ടിക്കുഞ്ഞുതങ്കച്ചി. പ്രസിദ്ധ കവിയും, ആട്ടകഥകൾ രചിച്ച, ആസ്ഥാനവിദ്വാനുമായിരുന്ന രവിവർമ്മൻ തമ്പിയുടെ പാണ്ഡിത്യവും രസികത്വവും മകൾക്കും ലഭിച്ചിട്ടുള്ളതായി കാണാം. കൊല്ലവർഷം 995-ാം ആണ്ട് കുംഭമാസത്തിൽ (1820 അ.ഉ.) അനിഴം നാളിൽ പൂർവ്വഗൃഹമായ പുളിയറത്തലവീട്ടിലാണ് പ്രസിദ്ധ കവയത്രിയായ കുട്ടികുഞ്ഞുതങ്കച്ചി ജനിച്ചത്. തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തുള്ള കിഴക്കേമഠത്തിലാണ് തങ്കച്ചി ബാല്യകാലം മുതൽക്കുതന്നെ അമ്മയുമൊത്ത് താമസിച്ചത്. അതുകൊണ്ട് കിഴക്കേമഠത്തിൽ കുട്ടികുഞ്ഞു തങ്കച്ചി എന്നാണ് അറിയപ്പെടുന്നത്. 'ലക്ഷ്മി പിള്ള' എന്നായിരുന്നു തങ്കച്ചിയുടെ യഥാർത്ഥമായ പേര്. 'കുട്ടികുഞ്ഞ്' എന്ന ഓമനപേര് മാതാപിതാക്കൾ തങ്കച്ചിക്ക് നൽകിയിരുന്നു. ആ പേരിലാണ് പിന്നീട് കേരളം അവരെ അറിയാൻ ഇടയായത്.

ചെറുപ്പകാലം മുതൽക്കെ മലയാളം, തമിഴ്, സംസ്കൃതം എന്നിവയിൽ നല്ല അഭിജ്ഞതയും, തർക്കം, വ്യാകരണം മുതലായവയിൽ അനിതര സാധാരണമായ പാണ്ഡിത്യവും ഈ മഹതി സമ്പാദിച്ചിരുന്നു. അച്ഛനെപോലെ ആട്ടകഥകളും, കൂടാതെ കാലാനുസൃതമായി നാടകവും തങ്കച്ചി എഴുതിയിട്ടുണ്ട്. പാർവ്വതീ സ്വയംവരം കഥകളി, തിരുവനന്തപുരം സ്ഥലപുരാണം കിളിപ്പാട്ട്, സീതാ സ്വയംവരം തിരുവാതിരപ്പാട്ട്, കിരാതം കുറത്തിപ്പാട്ട്, തുള്ളൽകഥ, സ്വാഹാസുധകരം, ഊഞ്ഞാൽപ്പാട്ട്, പലതരം ശ്ലോകങ്ങൾ, ഗജേന്ദ്രമോക്ഷം സങ്കീർത്തനം, അജ്ഞാതവാസം നാടകം എന്നിവയും, താരാട്ട്, കുമ്മി, വാതിൽ തുറപ്പാട്ടുകൾ, സംഗീതകൃതികൾ മുതലായവയും ആ കവയത്രി കൈരളിക്കു നൽകിയ അമൂല്യ സംഭാവനകളാണ്. അവയ്ക്കെല്ലാം സ്തുത്യർഹമായ സമ്മാനങ്ങളും അവർക്ക് ലഭിച്ചിട്ടുണ്ട്. മാധുര്യം തുളുമ്പുന്ന ശൈലി, ക്ലേശലേശം കൂടാതെ പ്രസരിക്കുന്ന വാഗ്വിലാസം എന്നിവ തങ്കച്ചിയുടെ രചനകളിൽ കാണുന്ന ഗുണവിശേഷങ്ങളാണ്.

ഒൻപതാമത്തെ വയസ്സിൽ മതാചാരപ്രകാരം തങ്കച്ചിയുടെ കെട്ടുകല്യാണം നടന്നു. 14-ാമത്തെ വയസ്സിൽ ചേർത്തല നടുവിലേ കോവിലകത്ത് കുഞ്ഞൻ തമ്പാൻ അവരെ പരിഗ്രഹിച്ചു. 6 സന്താനങ്ങളുടെ ജനനത്തിനുശേഷം 1026 കുഞ്ഞൻ തമ്പാൻ നിര്യാതനായി. ഈശ്വരഭജനം, ഗൃഹഭരണം, ഗ്രന്ഥപാരായണം, സാഹിത്യ-സംഗീതരചന ഇവയുമായി കഴിഞ്ഞുകൂടിയ ഈ കവയത്രി സകലരുടെയും ആരാധനയ്ക്കു പാത്രമായി ജീവിച്ചു. റാണി ഗൗരി പാർവ്വതീഭായ് മുതൽക്കുള്ള തമ്പുരാട്ടിമാരുടയും സ്വാതി, ഉത്രം, ആയില്യം, വിശാഖം, ശ്രീമൂലം എന്നീ രാജാക്കൻമാരുടെയും ബഹുമാനങ്ങൾക്ക് പാത്രമാവുകയും, പല പ്രോത്സാഹന സമ്മാനങ്ങൾക്ക് അർഹയാവുകയും ചെയ്തിട്ടുണ്ട്. ഈ കവയത്രിക്ക് സ്വാതിതിരുനാൾ തിരുമനസ്സുകൊണ്ട് ദ്യമായി നൽകിയ പ്രോത്സാഹന സമ്മാനമായ ഒരു 'വാൽക്കണ്ണാടി' ഇന്നും കിഴക്കേമഠം കുടുംബത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**തങ്കച്ചിയുടെ സംഗീത സംഭാവനകൾ**

തങ്കച്ചിയുടെ ചില പദങ്ങളും കീർത്തനങ്ങളും തില്ലാനയും മാത്രമേ പ്രചാരത്തിലുള്ളൂ. ഇവ കൂടാതെ കീർത്തനങ്ങളും, പദങ്ങളും, ആട്ടകഥകളും മററും രചിച്ചിട്ടുണ്ട്. ചിലരചനകൾ പരിശോധിച്ചാൽ ഇരയിമ്മൻ തമ്പിയുടെ കൃതികളിലെ സാദൃശ്യം കാണാൻ സാധിക്കുന്നു. പദങ്ങളിൽ കൂടുതലായി ശൃംഗാരഭാവം കാണുന്നില്ലെന്നു പറയാം. മാത്രമല്ല സാധാരണ പ്രതിപാദിക്കുന്ന വിഷയമല്ലാതെ, വ്യത്യസ്ത രീതിയിൽ മറെറാരു പദവും രചിച്ചിട്ടുണ്ട്. 'ബാലികേ പോകരുത്' എന്നു തുടങ്ങുന്ന ശങ്കരാഭരണത്തിലുള്ള ഈ പദത്തിൽ ഒരു കുട്ടിയോടുള്ള ഉപദേശമാണ് പ്രകടമാക്കിയിട്ടുള്ളത്. കീർത്തനങ്ങളെല്ലാം വ്യത്യസ്ത ക്ഷേത്രങ്ങളിലെ മൂർത്തികളെ പ്രകീർത്തിച്ചു കൊണ്ടുള്ളവയാണ്. ഇവയെ തങ്കച്ചിയുടെ 'ക്ഷേത്രകൃതികൾ' എന്ന് എടുത്ത് പറയാവുന്നതാണ്.

| | കീർത്തനം | രാഗം | താളം |
|---|---|---|---|
| 1. | ആനന്ദരൂപഹരേ | പന്തുവരാളി | ചാപ്പ് |
| 2. | കാർത്ത്യായനി | കാംബോജി | ആദി |
| 3. | കാരുണ്യമെന്നോട് | സൗരാഷ്ട്രം | ചാപ്പ് |
| 4. | പാഹി മോഹന | കമാസ് | ആദി |
| 5. | സാമജഹരേ | കല്യാണി | ആദി |
| 6. | സൂര്യകോടിപ്രഭ | നാട്ട | ചാപ്പ് |
| 7. | ശ്രീപവനപുരേശ | സുരുട്ടി | ആദി |

മേൽ ഉദ്ധരിച്ച കീർത്തനങ്ങളിലെല്ലാം ചരണഭാഗങ്ങളിൽ സ്ഥലമുദ്രയോ, മൂർത്തിമുദ്രയോ ചേർത്തു കാണുന്നു. ഇഷ്ടദേവനായ ശ്രീ കൃഷ്ണനെ കുറിച്ചാണ് കൂടുതലും രചിച്ചിരിക്കുന്നത്.

തങ്കച്ചിയുടെ സാഹിത്യരചനകളിലെല്ലാം ഇരയിമ്മൻ തമ്പിയുടേതെന്നപോലെ പ്രാസഭംഗിയും, കാവ്യഗുണങ്ങളും, രാഗഭാവവും ഒത്തിണങ്ങിയിട്ടുള്ളതായി കാണാം. ചിലതിൽ അവർ സ്വപിതാവും ഗുരുവുമായ തമ്പിയെ ഭക്തിയോടും ബഹുമാനത്തോടും കൂടി സ്മരിച്ചിട്ടുണ്ട്. ഇരുപതിൽപരം ശ്ലോകങ്ങൾ തങ്കച്ചിയുടെതായിട്ട് കണ്ടുകിട്ടിയിട്ടുണ്ട്. ചിലത് ദേവി ദേവൻമാരെക്കുറിച്ചും, ചിലത് രാജകുമാരൻമാരെക്കുറിച്ചുമുള്ളതാണ്.

കേരളത്തിലെ സ്ത്രീരത്നങ്ങളിൽ പ്രഥമകവയത്രിയായ കുട്ടികുഞ്ഞുതങ്കച്ചി, 84-ാം വയസ്സിൽ കൊല്ലവർഷം 1079 കുംഭമാസത്തിലെ ജന്മനാളായ അനിഴം നക്ഷത്രത്തിൽത്തന്നെ, ഈ ലോകത്തോട് യാത്ര പറഞ്ഞു.

### പല്ലവി

കാർത്ത്യായനി മാം പാലയസതതം
കാൽത്തളിരിണവന്ദേ

### അനുപല്ലവി

കാത്തരുളുക പരമേശ്വരിനീയേ
ആർത്തജനാർത്തി അകറ്റും അമേയേ

### ചരണം

ക്ഷീരമാഹാർണവ ശയനനതാകും
സാരസനാഭ സഹോദരിഗൗരി
ക്ഷീരതടാകതടാലയവാസേ
ശ്രീമമനൽകുക തവകഴൽതൊഴുതേൻ (കാർത്ത്യായനി )

| |
|---|
| രാഗം: വസന്ത |
| താളം: ആദി |

### പല്ലവി

1. | ാ ാ സ ാ ാ സ്നിധാ ധാമാ ഗാാ | ാ ാ ഗമാധനി ാ | സ്ാരി്ാ സ് ാ ാ ാ |
കാർ- - - ത്ത്യാ- - - യനി - - - മാം- - - - പാ ല യ- - - സ-ത- - തം- - -

2. | ാ ാ സ ാ ാ സനിധാ ധാമാ ഗാാ | ാഗമധനി ാ് സ്നി | സ്ാ രി്ാ രി്സ്സ്ാ |
കാർ- - - ത്ത്യാ- - - യനി - - - മാം- - പാ - - - - - ലയ - - സ- ത- - തം- - - -

| ാാസ ഗാരി സാസനിധാ ധാ മാ | ഗ മ ധനി സനിധമ ഗമധമ ഗമ ധനി ||
കാ ൽ ത ളി രി ണ വ ന്ദേ (കാർത്ത്യായനി)
| സാ

**അനുപല്ലവി**

| ാ ാ ധനി ാ മ ധ ാ സ ാ ാ ാ രി സ ാ ാ | ാ ാ സ ാ രി ാ സാ | സാാനി ധനിധാ |
കാ ത്തരു ളുക - - - പര - - - മേ ശ്വ രി നീ - - - - യേ

1. | ാ ാ സഗ ാ രി സാ സ ാ ാ നി ധമധാ | ാ ാ നിാാ ധാാ | മ ാ മ ഗ ധ മ ഗാ |
ആർ ത്തജ നാ ർ ത്തിയ ക റ്റും അ മേ - - - - യേ

2. | ാ ാ സ ഗ ാ രി സാ സ ാ ാ നി ധ മ ധ ാ | ാ ാ നി ാ ാ ധ ാ ാ | മ ാ മഗ ധമഗമ |
ആർ - - - ത്തജ നാർ - - - ത്തിയ - - - ക - - റ്റും - - അ മേ - - -യേ
(കാർത്ത്യായനി)
| ധനി - - - -

**ചരണം**

| ാ ാ മാ മ മ മാ മ ഗ ധമഗാാാ | ാ ാ ഗനിാധമാ | മ ഗ ധ മ ഗ ാ ാ ാ |
ക്ഷീ ര - - മ- - ഹാ ർ -ണ്ണവ - - - - ശയ ന ന താ - - - - - കും

| ാ ാ സ മ ാ ഗ രി ാ സ ാ ാ ാ സ ാ നി ാ | ാ ാ സ മാ മമ ാ | സനിധനിധാമാ |
സ ാ ര സ - - ന ാ - - - ഭ - - - - സ ഹോദരി ഗൗ- - - -രീ - - -

1. | ാ ാ ധനി ാ മധാ രി സാാ രി സ ാ ാ | സാ ാ ാ രിാസാ | സ ാ ാ നി ധനിധാ |
ക്ഷീ ര ത ട ാ - - - ക ത ട ാ - - - ല യ വാ- - - - -സേ- - -

2. | ാ ാ ധനി ാ മധ ാ രി സ ാ ാ രി സ ാ ാ | മ ാ ാ ാ ഗ ാ രി ാ | സ ാ ാനി ധനിധാ ||
ക്ഷീ ര ത ട ാ - - - ക ത ട ാ ല യ വാ- - - - -സേ- - -

1. | ാ ാ സ് ഗ് ാ രി സ് ാ സ് ാ ാ നി ധമധ ാ | ധ ാ നി ാ ധ ാ ധ ാ | മ ഗ ധമ ഗ ാ ാ ാ |
ശ്രീ മമ ന ൽ കുക ത വ ക ഴൽ തൊ ഴു തേൻ

2. | ാ ാ സ് ഗ് ാ രി സ്ാ സ് ാ ാ നി ധമധ ാ | ധ ാ നി ാ ധ ാ മ ാ | മ ഗ മ ാ ഗമധനി |
ശ്രീ മ മ ന ൽ കുക തവ ക ഴ ൽ തൊ ഴു തേൻ

(കാർത്ത്യായനി)

# ഗർഭപുരി കൃഷ്ണയ്യ

1861-ൽ അഖിലാണ്ഡാംബാളിന്റെയും കരൂർനരസയ്യയുടേയും രണ്ടാമത്തെ മകനായി ഗർഭപുരി കൃഷ്ണയ്യ ജനിച്ചു. ഇദ്ദേഹം ചിന്ന ദേവുഡു എന്നാണ് അറിയപ്പെട്ടിരുന്നത്. ഇദ്ദേഹത്തിന്റെ മാതാവ് ഒരു സംഗീത വിദുഷിയും പിതാവ് ഒരു വീണ വിദ്വാനുമായിരുന്നു. സംഗീത പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചതുകൊണ്ട് ചിന്ന ദേവുഡുവിന് ചെറുപ്പത്തിൽ തന്നെ നല്ല സംഗീത വാസന ഉണ്ടായിരുന്നു. കൂടാതെ കൃതികൾ രചിക്കുവാനുള്ള കഴിവും അദ്ദേഹത്തിന് സിദ്ധിച്ചിരുന്നു. അങ്ങനെ ധാരാളം കൃതികളും, വർണ്ണങ്ങളും, ജാവലികളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. “ഗർഭപുരി”,“വാസർ” എന്നും ഇദ്ദേഹം അറിയപ്പെട്ടിരുന്നു. ഗർഭപുരി എന്ന സ്ഥലം കരൂർ എന്നാണ് തമിഴിൽ അറിയപ്പെടുന്നത്. “ബ്രോവസമയമിതേ” എന്ന ഗൗരി മനോഹരി രാഗത്തിലുള്ള കൃതി “ഏമിനേരമു” എന്ന ഗരുഡധ്വനി രാഗത്തിലുള്ള കൃതി. “കമലാംബ” എന്ന കാനഡ രാഗത്തിലുള്ള കൃതി മുതലായവ ഇദ്ദേഹത്തിന്റെ പ്രസിദ്ധിയാർജ്ജിച്ച ചില കൃതികളാണ്.

**പല്ലവി**

കമലാംബ നാചീന്ത ദിർച്ചവമ്മ

കാമകോടി പീഢനിവാസിനി

**അനുപല്ലവി**

ഏ മിനേര മമ്മനന്നുബ്രോചസു ഡകു

ഈശ്വരി ജഗദിശ്വരി ശങ്കരി (കമലാംബന)

**ചരണം**

നീരജാക്ഷി നികുനാമരൂപ മുന്ന

നിരദാമുഖാനി നമ്മിയുണ്ടഗ

വരഗർഭപുരി ഈശറാണിതല്ലി

വരദായകി സൗന്ദര്യ നായകി (കമലാംബനാ)

**രാഗം-കാനഡ**
**താളം-ആദി**

## പല്ലവി

| | | | |
|---|---|---|---|
| 1. | ാാാ ാരി സാ രിാ പാ മാാ | പ ാ ാ ാ ാനിാ | പാ ഗാ ാാ മാ |
| | ക മ ലാം ബ | നാ- - - ചി | ന്ത ദീ ർ ച്ച |
| 2. | രിാ സാാ രിാ സാ രിാ പാ മാ | പ ാ ാ ാമാ | പനിനിപ ഗാ ാാ മാ |
| | വ മ്മ ക മ ലാം - ബ | നാ - - - - ചി | ന്ത - - - - - ദീ ർ ച്ച |
| 3. | രിാ സാാ - രിാ സാ രിാ പാ മാ | ഗമധനി സ്ാ സ്നി | പമ ഗാ ാാ മാ |
| | വ മ്മ ക മ ലാം - ബ | നാ - - - - - - - - ചി | ന്ത - ദീർ ച്ച |
| 4. | രിാ സാാ രിാ സാ രിി് പാ മാ | ഗ മ ധനി സ്രി സ്നി | പമ ഗാ ാ ാ മാ |
| | വ മ്മ ക മ ലാം - ബ | നാ- - - - - - - - - - ചി | ന്ത- ദീർ - - ച്ച |
| 1. | സരിാ സാാ സാ സാ നിാ ാ ാ ധാ | നി സാ രിാ ാ സാ | രി ാ ാ ാ ാ ാ പമ |
| | വ - - മ്മ കാ മ കോ - - ടി | പീ - ഢ- - നി | വാ- - - - - സി |
| 2. | ഗാ മ രിരിസ സാ സാ നിാാ ധാ | നീ സാ രിാാസാ | രിാ ാ ാ ാ പമ |
| | നി - - - - - കാ മാ കോ ടി | പീ - - ഢ നി | വാ - - - - സി |
| | ഗമ രിസനിസ രിാ സാ രിാ പാ മാ | പാാാ ാ ാ ാ ാ | ാ ാ ാ ാ ാ ാ ാ ാ |
| | നി- - - - - - - ക മ ലാ - ബ | നാ - - - - - | - - - - - - |

## അനുപല്ലവി

| | | | |
|---|---|---|---|
| 1. | ാ ാ ാ ാ ാനിാ പാ ഗാാാ മാ | ധാാ ധാാ മാ | ധാ നിാ ാ ാ സ്ാ |
| | ഏ മി നേ ര | മ മ്മ ന | ന്നു ബ്രോ ച്സു |

| | | | | |
|---|---|---|---|---|
| 2. | ‖ പാാ പാാാ മാനിപ ാ ഗാാാ മാ | ധാാ ധാാ മാ | ധാ നിാാ രിാ | ‖ |
| | ഡ കു ഏ- - മി നേ ര | മ മ്മ ന | ന്നു ര്വോ ച സു | |
| 3. | ‖ സ്നി പാ പാ മപ നിനിപ ഗാാ മാ | ധാാ ധ ാ ാ മാ | ധാ നി സ്രി മ രിസ് | ‖ |
| | ഡ - - - കു ഏ - മി - - - മേ - ര | മ - - മ്മ - - ന | ന്നു- - ര്വോ - ച സു | |
| 1. | ‖ നിപാാ പാ - നിാ പാ ഗാാാ മാ | ധാനിസ് സ്നിപമ | ഗാാാാ മാാ | ‖ |
| | ഡ കു ഈ ശ്വ രി - ജ | ഗ - - - ദി - - ശ്വ- | ത്വി- - - - ശ | |
| 2. | ‖ സ രിാ സാാ നിാ പാ ഗാാാ മാ | ഗമധനി സ്രി സ്നി | പമ ഗാാാ രിമ | ‖ |
| | ങ്ക - രി - - ഈ ശ്വ രി - - ജ | ഗ- - - - - - - - - ദി | ശ്വ- - തി - - ശ - | |
| | ‖ സരിാസാാ | | | |
| | ങ്ക - - തി | | | |

(കമലാംബന)

**ചരണം**

| | | | | |
|---|---|---|---|---|
| 1. | ‖ ാാാാ ാാ പാ പാ പാാാ പമ | ഗാാ ഗാാ ഗമ | രിാ സാാാ സാ | ‖ |
| | - - - - - നീ ര ജാ - - ക്ഷി- | നീ കു നാ | മ രൂ പ | |
| | ‖ രിാാ സാാ സാ രിാ രിാാാ പാ | പമഗാ ഗാ ഗമ | ാരിാ സാാ രിാ | ‖ |
| | മു ന നീ ര ദാ - മു | ഖാ- - - ന്നി ന | -മ്മി യു ണ്ട | |
| 2. | ‖ സാാാ ാാാ പാ പാ മ പാ നിപ | പമഗാ ഗാ ഗ മ | രിാ സ ാാാ സാ | ‖ |
| | ക - - - നീ ര ജാ - - -ക്ഷി | നീ- - - കു - - നാ | മ - രൂ - - - - പ | |
| | ‖ രിാാ സാാ സാരിാ രിാാാ പാ | പമഗാ ഗാഗമ | ാരിാ ഗാാ രിാ | ‖ |
| | മു- ന നീ ര ദ മു | ഖാ- - - -നിന - | -മ്മി യു ണ്ട | |
| | ‖ സാാാ ാാ നിാ പാ ഗാാാ മാ | ധാാ ധാാ മാ | ധാ നിാാ സാ | ‖ |
| | ക - - - - വ ര ഗർ ഭ | പു രി ഈ | ശ റാ ണി | |

| | | | |
|---|---|---|---|
| ‖ | പാാ പാാ മാ നി പാ ഗാാ ാമ | ധാാ ധാ ാ മാ | ധാ നിാ ാ ാ രിാ ‖ |
| | ത - -ല്ലി വ ര ഗർ ഭ | പൂ - രി- - ഈ | ശ- റാ - -ണി |
| ‖ | സ്നിപാ പാ മപ നിനിപ ഗാ ാ മാ | ധാാ ധാ ാ മാ | ധാനിസ്രി മരി്സ് ‖ |
| | ത - - - - -ല്ലി വ- ര- - - ഗർ ഭ | പൂ- -രി - -ഈ | ശ - റാ- - - - ണി |
| ‖ | നിപാ ാ പാ നിാ പാ ഗ ാ ാ ാ മാ | ധ നി സ്ാ സ് നിപമ | ഗ ാ ാ ാ ാമാാ ‖ |
| | ത - - - ല്ലി വ ര ദാ- - - യ | കി- - - - -സൗ- - -ന്ദ- | ര്യ- - - -നാ |
| ‖ | സരിാ സാ നിാ പാ ഗ ാ ാ ാ മാാ | ഗ മ ധനി യ്രിസ്നി | പ്മ ഗ ാ ാ ാരിമ ‖ |
| | യ കി വ ര ദാ- - - യ | കി- - - - - - - - - -സൗ | ന്ദ- -ര്യ- - - -നാ |
| ‖ | സരിാ ാ സാാാ | | |
| | യ - - - - കി (കമലാംബനാ) | | |

# ഗോപാലകൃഷ്ണഭാരതി

മുടികൊണ്ടാൻ എന്ന സ്ഥലത്തിലെ 'നരിമണം' ഗ്രാമത്തിൽ 1811-ൽ ജനിച്ചു. ത്യാഗരാജസ്വാമികളുടെ 'പ്രഹ്ലാദ ഭക്തി ജയം', 'നൗകാ ചരിത്രം'എന്നീ ഗേയനാടകങ്ങൾപോലെ വളരെ പ്രസിദ്ധിയാർജിച്ച ഒരു ഗേയ നാടകമാണ് 'നന്ദനാർ ചരിത്രം'
ഇതിൽ ഭക്തി നിർഭരമായ ഗോപാലകൃഷ്ണഭാരതിയുടെ കീർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർണ്ണാടക സംഗീത കച്ചേരി കളിൽ ധാരാളം കേട്ടുവരുന്ന അദ്ദേഹത്തിന്റെ ചില കൃതികളാണ് 'എപ്പോ വരുവാരോ', 'എന്നേരമും ഉന്തൻ', 'വരുകാലമോ' അദ്ദേഹം ത്യാഗരാജസ്വാമിയുടെ സമകാലികനായിരുന്നു. 'സഭാപതിക്കു വേറു ദൈവം' എന്നത് വളരെ പ്രസിദ്ധമായ ഒരു കൃതി യാണ് കൂടാതെ നാട്ടരാഗത്തിലുള്ള 'ഹര ഹര ശിവശങ്കര'ആരഭി രാഗത്തിലുള്ള 'പിറവാവരംതാരും', വരാളിരാഗത്തിലുള്ള 'ആടിയ പാദമേഗരി' തുടങ്ങിയവയും അദ്ദേഹത്തിന്റെ അറിയപ്പെടുന്ന കൃതികളാണ്. ഗോപാല കൃഷ്ണഭാരതിയുടെ മററ് ഗേയ നാടകങ്ങൾ 'ഇയർപ്പകൈ നയനാർ ചരിത്രം', 'തിരുനീലകണ്ഠനയനാർ ചരിത്രം', 'കാരയ്ക്കൽ അമ്മയാർ ചരിത്രം', മുതലായവ 'തില്ലൈ സ്ഥാനം' (ശ്യാമരാഗം), 'നടനമാടിനാർ' (വസന്ത) കനകസഭേശൻ ചേവടി (കമാസ്) എന്നിവയും കൂടാതെ തിരുവ ണ്ണാമലയിലെ കാർത്തിക ദീപം മഹോത്സവത്തിനെ പ്രകീർത്തിച്ചുകൊണ്ടും എഴുതിയ ഒരു കൃതിയാണ് നാഥനാമക്രിയ രാഗത്തിലുള്ള "കണ്ണാലെ കണ്ടേൻ". അപൂർവ്വരാഗങ്ങളായ സരസാംഗി, ആഹിരി, മാഞ്ചി എന്നിവയിലും കൃതികൾ രചിച്ചി ട്ടുണ്ട്. 1881-ൽ ഒരു ശിവരാത്രി ദിവസമാണ് അദ്ദേഹം ഈ ലോകത്തിനോട് യാത്ര പറഞ്ഞത്.

(1) **പല്ലവി**

തിരുവാതിരൈ ദരിശനത്തുക്കു
വന്തേനയ്യാ പൊന്നയ്യാ

**അനുപല്ലവി**

തിരുവായ് തിറന്തുരൈപ്പായ് ഇനി
പിറവാവരം തരുവായ്

**ചരണം**

ആലം തന്നൈക്കൺണ്ടോടിയ
അമരത്തുയർ കടൈക്കാത്തവർ
ബാലകൃഷ്ണൻ പണിയും തിരു
പാദം കനകസഭാപതി (തിരുവാതിരൈ)

| |
|---|
| രാഗം - ധന്യാസി |
| താളം - രൂപകം |

**പല്ലവി**

‖ ; ഗ മ പ ാ ; പനിധപ ‖ മ ഗ മ ഗ മഗ പമ ധാപാ ‖
തിരുവാ തിരൈ ദരി ശ ന ത്തു ക്കു - -

‖ മഗ മഗ പമ ഗാരിാസാ ‖ നി സ ഗ മ പാ സ് നി ധ പ മഗ ‖
വ - - - ന്തേ ന യ്യാ പൊ ാ ന്ന യ്യാ - - -

‖ രിസ ഗമ പാ ; സ്നിധപ ‖ പനി സ്ാ സ്രിനിസ് പനിമപ ‖

- - - തിരുവാതിരൈ ദ രി ശ ന ത്തു ക്കു

‖ മഗ മഗ ധപമഗ രിസാ ‖ ഗമപനി സ്ാരിസ് നിധപപമഗ ‖

വ ന്തേ ൻ അ യ്യാ പൊ ന്നൈ യ്യാ - - -

‖ രിസ ഗമ പാ ; നിാ പാ ‖ മഗ മഗ മാ പാ നിാ പാ ‖

- - - തിരുവാതിരൈ ദ രി ശ ന ത്തു ക്കു -

‖ മഗ മഗ പമഗരി സാരിനി ‖ സ ാ ; ; ; ; ; ‖

വ - - - ന്തേൻ അ യ്യ ാ - - - -

(തിരുവാതിരൈ)

**അനുപല്ലവി**

‖ ; ഗമ പാ നിാ നിാ ‖ നിാ നിാ രി സ് ധാ ; പാ ‖

തിരുവായ് തി റ ന്തു രൈ പ്പായ് ഇനി

‖ സ്ാ സ്നി നിസ്ാ പപനിധപ ‖ മഗ മഗ ധപമഗരിാസാ ‖

പി റ വാ വ രം ത രു വാ - - യ്

‖ ; ഗ മ പാ നിാ നിാ നിാ ‖ പനി സ്ാരിസ് നിസ ധാപാപാ ‖

തിരുവായ് - - തിറ ന്തു രൈ പ്പായ് ഇ നി

‖ സ്ാ രിനി സ്പനിാസ്ാസ്ാ ‖ ഗമപനി സ്ാരിസ് നിധപപഗാ ‖

പിറവാ - - വ രം ത രു വാ - - - - -

‖ രിസ ,

യ് - - - - - (തിരുവാതിരൈ)

## ചരണം

|| ; ഗമ പാ; പാപാ || ; പാ പാ; നിാപാ ||
ആലം തന്നൈ- - - കൺണ്ടോ ടി യ

|| ; മ പ മാ ; ധാപാ || മാ പാ പ മ ഗാ മാ പാ ||
അ മ ര ത്തു യ ർ ക ടൈ ക്കാ ത്ത വർ

|| ; ഗമ പാ; പാപാ || ; പനി സ്ാരിസ് നിസ്ധാപാ ||
ആ ല ന്ത ന്നൈ കൺ ണ്ടോ ടി യ

|| ; മപ മാ ; ധാപാ മാപാ|| മാ പ മ മഗാമാ പാ ||
അ മ ര ത്തു യ ർ കടൈ ക്കാ ത്തവർ

ബാലകൃഷ്ണൻ പണിയും തിരു
പാദം കനകസഭാപതി (തിരുവാതിരൈ)

② **പല്ലവി**

ശരണാഗതമെൻട്രുനമ്പി വന്ദേനുന്തൻ ശരണങ്കളൈയും താ

**അനുപല്ലവി**

കരുണാകടാക്ഷം പണ്ണവേണും തില്ലൈ കനകസഭയിൽ ആടുംപ്രഭുവല്ലവോ

**ചരണം**

ജനനാതി ഭയങ്കൾ അണുകാമൽ ഉൻട്രെൻ ശിവസായൂജ്യപദം തരുതൽ വേണും
മനനാദികൾ അറിയേൻ തവംപുരിയേൻ ബാലകൃഷ്ണൻ പണിന്തിടുമുൻതിരുവടിയൈ
(ശരണാ)

| രാഗം-ഗൗള |
|---|
| താളം-ആദി |

**പല്ലവി**

|| രിാ മാ പാ ; പ മ പ നി പാ മ ഗ | ാ മ രിാ സ ാ രിരി | പ മ ഗ മ രിസനി̣ സ ||
ശ ര ണാ ഗ ത മെ ൻ ട്രു ന മ്പി വ ന്ദേ - - നു ന്തൻ ശ ര ണങ്ക ളൈയും താ

|| രി ാ മപനി സ്രിാ സ്നിപ നിപാമഗ | ാ മരി ാ സ ാ സ്നി | പ മ ഗ മ രിസ നി̣ സ ||
ശ രണാ ഗ ത മെൻട്രു ന മ്പി വ ന്ദേ നു ന്തൻ ശ ര ണങ്കളൈ യും താ

**അനുപല്ലവി**

|| മ പനിാ സ്സ്സാ നിസ്രിസാ നി സ്സ്| നിസ് രി സ്നിപനിാ | പാ പ മ ഗ മരിസ ||
കരുണാ കടാക്ഷം പ ണ്ണ വേ ണും തി ല്ലെ ക നകസഭയിൽ ആടും പ്ര ഭു വല്ലവോ

|| മ പനി ാ സ്രിാരിാ രി ഗ് മ് രി ാ സ്സ് |നിസ രി സ നി പനി ാ |പ മഗ മ രിസ നി സ ||
കരുണാ ക ടാ ക്ഷംപണ്ണ വേണുംതി ല്ലെ ക ന ക സഭ യിൽ ആടും പ്രഭുവല്ലവോ

(ശരണാ)

**ചരണം**

|| പനിപാനി പ പമ പ മ ഗാ മരിാസ |നിസ രിാ സ ാ സനി |പാ പനി സരി ാ സ ||
ജന നാതി ഭയങ്കൾ അണുകാമ ൽ ഉന്തൻ ശിവസായൂജ്യപദം തരുതൽ വേണും

|| മ പ നിാ പ പ നി സ്രി ാ സ്നിരിസ് രി ാ | സ ാ സ് നി ാ പസ്നി | പ മ ഗ മ രി സ നിസ ||
മ ന നാ ദികൾ അ റി യേൻ തവംപുരിയേൻ ബാ ലകൃഷ്ണൻ പണിന്തി ടു മുൻ തിരു വടി യൈ

(ശരണാ)

# ചെങ്കൽവരായ ശാസ്ത്രി

19-ാം നൂറ്റാണ്ടിലെ സമർത്ഥനായ രചയിതാവായിരുന്നു ചിയൂരിലെ (1810-1900 എ.ഡി.) ചെങ്കൽവരായ ശാസ്ത്രി ചെങ്കൽപ്പെട്ട് ജില്ലയിലെ മരകനം എന്ന സ്ഥലത്തെ പെരുംപീട് ഗ്രാമത്തിൽ 1810 എ.ഡിയിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹം ഒരു തെലുങ്ക് ബ്രാഹ്മണനായിരുന്നു. 'മരപ്പെഡി' എന്നായിരുന്നു അദ്ദേഹത്തിന്റെ വീട്ടുപേര്. സംസ്കൃതത്തിലെയും തെലുങ്കിലെയും ഒരു പണ്ഡിതനായിരുന്നു. പിന്നീട് അദ്ദേഹം സംഗീതത്തിലും ഭരതനാട്യശാസ്ത്രത്തിലും പാണ്ഡിത്യം നേടി. പെരിയ കൽപ്പ മദലിയാരുടെ ക്ഷണം സ്വീകരിച്ച് താൻ ജനിച്ചു വളർന്ന ഗ്രാമം വിട്ട് 'ചിയൂരി'ലേക്ക് പോയി. അദ്ദേഹത്തിന്റെ ആഗമന ശേഷമാണ് ചിയൂരെന്ന ഗ്രാമം സംഗീതപരമായി ഉയർന്നത്. അദ്ദേഹമാണ് 'മുത്തുകുമാര ശതകം' രചിച്ചത്. അദ്ദേഹം നൂറോളം കൃതികൾ രചിച്ചിട്ടുണ്ട്. കാഞ്ചികാമാക്ഷിയെക്കുറിച്ചും മധുരൈ മീനാക്ഷിയെക്കുറിച്ചും വെങ്കടേശ്വരനെക്കുറിച്ചും അദ്ദേഹം കൃതികൾ രചിച്ചിട്ടുണ്ട്. 'മദ്ധ്യമകാല സാഹിത്യം' അദ്ദേഹത്തിന്റെ കൃതികളിലെ പ്രത്യേകതയായിരുന്നു. മനോഹരമായ സാഹിത്യവും സുഖകരമായ സംഗീതവും അദ്ദേഹത്തിന്റെ കൃതികളിലെ പ്രത്യേകതകളാണ്. തമിഴിലും ശാസ്ത്രികൾ രചനകൾ നടത്തിയിട്ടുണ്ട്. ആത്മീയമായി ആനന്ദം നൽകുന്ന അദ്ദേഹത്തിന്റെ കൃതികളാണ്, 'ഇന്തവേദിന ഗനി' (ദർബാർ) യും 'ലളിതേ മാംപാഹിദയ' (യദുകുലകാംബോജി) മുതലായവ. ബിലഹരിയിലുള്ള 'നിരുച്ചി മരിഗിനരസന' എന്ന കൃതിയുടെ സംഗീതം അതിമനോഹരമാണ്. പൂർണ്ണചന്ദ്രിക, യമുനാകല്ല്യാണി, ഗൗളിപന്ത് എന്നീ രാഗങ്ങളിലും ശാസ്ത്രികൾ രചനകൾ നടത്തിയിട്ടുണ്ട്. സ്വരാക്ഷരം അന്ത്യപ്രാസം, അനുപ്രാസം, യമകം മുതലായവ അദ്ദേഹത്തിന്റെ കൃതികളിൽ കണ്ടുവരുന്നു. ചില രചനകളിൽ രാഗമുദ്രയും കാണാൻ കഴിയും. മനോഹരവും പ്രകൃതിദത്തമായ ഒഴുക്കും അദ്ദേഹത്തിന്റെ രചനകളുടെ സാഹിത്യത്തിൽ കണ്ടുവരുന്നു. പല തലത്തിലുള്ള രചനകളും അദ്ദേഹം നടത്തിയിരുന്നു. അതായത് എളുപ്പമുള്ളതും അതുപോലെ തന്നെ പ്രയാസമുള്ളതുമായ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ ചിയൂരുള്ള അമ്പലങ്ങളിൽ ഇപ്പോഴും പാടിവരുന്നു. കാഞ്ചീപുരം കാമാക്ഷിയെക്കുറിച്ചും, മധുരൈ മീനാക്ഷിയെക്കുറിച്ചും, തിരുപ്പതി വെങ്കടേശ്വരനെക്കുറിച്ചും നൂറിലേറെ കൃതികൾ രചിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹം എഴുതിയ ഗേയനാടകമാണ് 'സുന്ദരേശ വിലാസമു'. 'ചാരുഇഹവിലാസമു' അദ്ദേഹത്തിന്റെ തെലുങ്കിലെ ഒരു പ്രബന്ധമാണ്. ചെങ്കൽവരായ ശാസ്ത്രികൾ തന്റെ 90-ാം വയസ്സുവരെ ജീവിച്ചിരുന്നു. 1900-ൽ ഫെബ്രുവരി 26-ാം തീയതിയാണ് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞത്.

## പല്ലവി

